ലിറ്റിൽ മാസിക

2013 ഒക്ടോബർ

148

## റേഡിയോ നാടകങ്ങൾ


കേരളത്തിലെ റേഡിയോ നിലയങ്ങൾ വർഷം തോറും നടത്തിവരാറുള്ള റേഡിയോ നാടകോത്സവം നാടിന്റെ ഉത്സവമായി മാറിയിരുന്ന കാലം ഇനി വരാനിടയില്ല. ആസ്വാദകതൃഷ്ണ ശമിപ്പിക്കാൻ ഇന്ന് വേണ്ടതിലധികം വഴികൾ ഉണ്ടായിരിക്കെ കേവല ശബ്ദവീചികൾ പിടിച്ചെടുത്ത് ഭാവനയിൽ അത്ഭുതലോകം സൃഷ്ടിക്കുന്ന മെനക്കെട്ട പണിക്കൊന്നും ഒരുമ്പെട്ടിറങ്ങാൻ അധികമാളുകൾ ഉണ്ടാകുമെന്ന് തോന്നുന്നില്ല.എന്നിട്ടും ഒരു നാടകം ശ്രോതാക്കളുടെ അഭ്യർത്ഥന മാനിച്ച് പുന:പ്രക്ഷേപണം ചെയ്യാൻ റേഡിയോ നിലയക്കാർ മുന്നോട്ടുവരേണ്ടി വന്നു!



എത്ര വലിയ കമ്പനികളായാലും തങ്ങളുടെ ചില സംരംഭങ്ങൾ നിർത്തിവെക്കുക പതിവാണ്. കാരണങ്ങൾ പലതാണ്. എന്നാൽ ആഗോളഭീമനായ മൈക്രോസോഫ്റ്റ് ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ-സംരംഭത്തിനു മുന്നിൽ മുട്ടുകുത്തിയെന്നു പറഞ്ഞാലോ....

## ഡിജിറ്റൽ ആക്ടിവിസം

### പുതിയ കാലത്തെ ഒരു പ്രതിരോധമാർഗ്ഗം




2013 ഒക്ടോബർ
**148**

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com
ചുങ്കത്തറ പി.ഒ, മലപ്പുറം-679334

# Loose Change (Final Cut)

ഡോക്യുമെന്ററി

**എപ്പോഴൊക്കെ നാം പൊതുനൻമയെ അവഗണിച്ച് സ്വകാര്യ താൽപര്യങ്ങളിൽ ഊന്നുന്നുവോ അപ്പോഴൊക്കെ നാം മുതലാളിത്തത്തിന് വോട്ട് ചെയ്യുകയാണ്...**



ഇന്റർനെറ്റിന്റെ ചരിത്രത്തിൽ ഏറ്റവും അധികം കാണപ്പെട്ടിട്ടുള്ള ഡോക്യുമെന്ററികളിൽ ഒന്നാണ് Loose Change (Final Cut). ദിലൻ അവെരിയെന്ന 25 കാരനാണ് സംവിധായകൻ.

2001 സെപ്റ്റംബർ 11 ന് ന്യൂയോർക്കിൽ നടന്ന വേൾഡ് ട്രേഡ് സെന്റർ ആക്രമണം അമേരിക്കൻ ഭരണകൂടം തന്നെ ആസൂത്രണം ചെയ്തതാണെന്ന് ഈ ഡോക്യുമെന്ററി തെളിവുസഹിതം സമർത്ഥിക്കുന്നു. ഈ ആക്രമണത്തെ തുടർന്ന് അമേരിക്ക നടത്തിയ ഭീകരതയ്ക്കെതിരെയുള്ള യുദ്ധത്തിൽ ഇറാഖിലും അഫ്ഗാനിസ്ഥാനിലും മറ്റുമായി 15 ലക്ഷത്തോളം മനുഷ്യരാണ് കൊല്ലപ്പെട്ടത്. അവിടങ്ങളിൽ അമേരിക്കയ്ക്ക് അനുകൂലമായ ഭരണമാറ്റവും ഉണ്ടായി. വേൾഡ് ട്രേഡ് സെന്റർ ആക്രമണം വാസ്തവത്തിൽ മുതലാളിത്തം അതിനനുയോജ്യമായ രീതിയിൽ ലോകത്തെ പുന:ക്രമീകരിക്കുന്ന പ്രക്രിയയിലെ ഒരു നിർണ്ണായക ചുവടുവെയ്പ്പായിരുന്നു. അതിന് സമാന്തരമായി മതമൗലികവാദവും അതുപയോഗിച്ചുള്ള വിഭജിച്ച് ഭരിക്കലും ശക്തമായി. അഥവാ കമ്പോള വ്യവസ്ഥയ്ക്കെതിരെ ഐക്യപ്പെടേണ്ട മനുഷ്യർ അയൽക്കാരന്റെ പള്ളികളിൽ ബോംബ് വെയ്ക്കുന്നതിൽ വ്യാപൃതരായി. എന്നാൽ ഇതിലൊക്കെയും മാരകവും വ്യക്തവുമായ ഒരു സന്ദേശം 9/11 സംഭവം മനുഷ്യരാശിക്ക് നൽകുന്നുണ്ട്. ഫ്യൂഡൽ-രാജഭരണങ്ങളെ മറികടന്നുകൊണ്ട് നിലവിൽ വന്ന ജനാധിപത്യ ഭരണ സംവിധാനങ്ങളെ മുതലാളിത്തം പൂർണ്ണമായും വിഴുങ്ങിക്കളഞ്ഞു എന്നതാണത്.9/11 നു ശേഷം ലോകത്തൊട്ടാകെ ജനാധിപത്യനീക്കങ്ങളെ അടിച്ചമർത്തുന്ന ഒരുപാടു നിയമങ്ങൾ വിവിധ സർക്കാരുകൾ കൊണ്ടുവന്നു.

ആണവ നിലയത്തിനെതിരെ സമരം ചെയ്യുന്നത് രാജ്യദ്രോഹവും ഫേസ്ബുക്കിൽ ലൈക് ചെയ്യുന്നത് സർക്കാരിനെ അട്ടിമറിക്കലുമാകുന്ന ഒരു രാജ്യത്ത് പാർക്കുന്ന നമുക്ക് അതുകൊണ്ടു തന്നെ ഈ ഡോക്യുമെന്ററി പ്രസക്തമാണ്.

എങ്ങനെയാണ് മുതലാളിത്തം ജനാധിപത്യസ്ഥാപനങ്ങളെ വിഴുങ്ങാനുള്ള ശക്തി ആർജ്ജിക്കുന്നത്? അത് നമ്മൾ ഓരോരുത്തരിൽ നിന്നും ആകാതെ തരമില്ല. എപ്പോഴൊക്കെ നാം പൊതുനൻമയെ അവഗണിച്ച് സ്വകാര്യ താൽപര്യങ്ങളിൽ ഊന്നുന്നുവോ അപ്പോഴൊക്കെ നാം മുതലാളിത്തത്തിന് വോട്ട് ചെയ്യുകയാണ്. ആ പിന്തുണയാണ് ലോകം ഭരിക്കാൻ അവരെ പ്രാപ്തരാക്കുന്നത്. സ്വകാര്യ ലാഭേച്ഛുക്കളായ വ്യക്തികളുടെ ആകെത്തുകയാണ് കൂട്ടക്കൊല നടത്തുന്ന സ്വകാര്യ മൂലധനം. ആ അർത്ഥത്തിൽ കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യലാണ് നമ്മുടെ ദൈനംദിന ജീവിതം. അതിന്റെ തീവ്രത അറിയാനും ഈ ഡോക്യുമെന്ററി സഹായകരമാണ്.

*(ലിറ്റിൽ മാസികയ്ക്ക് അയച്ചു കിട്ടിയ ഇ-മെയിൽ കത്താണിത്- സുഹൃത്തുക്കൾക്കു വേണ്ടി പങ്കു വെയ്ക്കുന്നു. ഈ ചിത്രത്തിനും സമാനമായ മറ്റ് വീഡിയോകളുടെ ലിങ്കുകൾക്ക് ബന്ധപ്പെടാം-* oneworlduniversity@gmail.com )

---

കഥാ ധ്യാനം

## കത്ത്

കത്തുകളുമായി ധൃതിയിൽ പോവുമ്പോഴാണ് യുവാവായ പോസ്റ്റുമാൻ അയാളെ ശ്രദ്ധിച്ചത്. ഒരു യാചകൻ എന്തോ ചോദിക്കാൻ ഭാവിക്കുന്നു. പിന്നെ മടിച്ച് പിൻവാങ്ങുന്നു. ഇയാൾക്കെന്താവും തന്നോട് പറയാനുണ്ടാവുക? എല്ലാ ദിവസവും അതേ സ്ഥലത്ത് അയാൾ നിൽപ്പുണ്ടാവും, പ്രതീക്ഷയോടെ. എന്തോ ചോദിക്കാൻ ഭാവിക്കുന്നു. ഒടുവിൽ ഒരു ദിവസം അയാൾ ചോദിച്ചു. കുഞ്ഞേ, ഒരു കത്ത് തരുമോ?

എഡിറ്റർ
ബിജു ജോൺ
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ
മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ
പത്രാധിപ സമിതി
പി.എം. ജോൺ
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ്
ചന്ദ്രബാബു തൃക്കലങ്ങോട്
ഹാരിസ് നെന്മേനി
ടൈപ്പ് സെറ്റിംഗ്
ജസീല

copyleft

*സക്രിയത,പ്രാർത്ഥന, പ്രകൃതി, ആസ്വാദനം, സഹജീവനം,ധ്യാനം,സ്വാഭാവിക പുഞ്ചിരി,കാരുണ്യം,ഭക്ഷണം, കൂട്,ഉറക്കം,വിശ്രമം,സാധാരണത്തം,ജാഗ്രത,സുഷ്മത,കവിത,ലാളിത്യം,സൗഹൃദം,ഒന്നുമില്ലായ്മ...ഇതെല്ലാമുള്ള ഒരു ജീവിതം,ലോകം സ്വപ്നം കാണുന്നവരുടെ ഒത്തുചേരലാകുന്നു ഈ പത്രം. അതിനാൽ സുഹൃത്തേ നിങ്ങൾക്കും പങ്കുചേരാം ഈ ആലോചനകളിൽ....*

# ഡിജിറ്റൽ ആക്ടിവിസം

## പുതിയ കാലത്തെ ഒരു പ്രതിരോധമാർഗ്ഗം

**ചെഗുവേര ജീവിച്ചിരുന്നെങ്കിൽ അദ്ധേഹവും ഒരുപക്ഷെ തന്റെ സമരമാർഗ്ഗത്തിൽ ഡിജിറ്റൽ യുഗത്തിന്റെ സാധ്യതകൾ ഉപയോഗിച്ചിരുന്നേനെ.അസാൻജെയും സ്നോഡനും അതിനും ഏറെ മുമ്പ് സ്റ്റാൾമാനും ഏറ്റെടുത്ത പുതിയ പ്രതിരോധശ്രമങ്ങളിൽ മൈക്രോസോഫ്റ്റ് എന്ന ഭീമനും അടിപതറുന്നു. ഡിജിറ്റൽ ആക്ടിവിസത്തിന്റെ രണ്ട് സമകാലിക അനുഭവങ്ങൾ ഈ ലക്കത്തിൽ**



*മാഡം ബ്ലാവസ്കി*

## *സന്തോഷത്തിന്റെ പൂക്കൾ*

തിയോസഫിക്കൽ സൊസൈറ്റിയുടെ സ്ഥാപകയായ മാഡം ബ്ലാവസ്കിയ്ക്ക് വിചിത്രമായ ഒരു ശീലമുണ്ടായിരുന്നു. ലോകമെമ്പാടും നിരന്തരം യാത്ര ചെയ്യുമായിരുന്ന അവർ യാത്രയിൽ വിവിധങ്ങളായ പൂക്കളുടെ വിത്തുകൾ ശേഖരിച്ച ഒരു വലിയ ബാഗ് കൈയിൽ കൊണ്ട് നടക്കുമായിരുന്നു.പോകുന്നിടത്തെല്ലാം അവർ പൂക്കളുടെ വിത്തുകൽ വിതറും.ഒരിക്കൽ ട്രെയിനിൽ ജനാലയ്ക്കരികിലെ സീറ്റിലിരുന്ന് പുറത്തേക്ക് വിത്തുകൾ എറിഞ്ഞ അവരോട് ഒരു സഹയാത്രികൻ ചോദിച്ചു. എന്തിനാണ് നിങ്ങൾ മൈലുകളോളം ഇങ്ങനെ വിത്തുകൾ പുറത്തേക്ക് എറിയുന്നത് ? ബ്ലാവസ്ക്കിയുടെ മറുപടി ഇങ്ങനെയായിരുന്നു. ഇത് പൂക്കളുടെ വിത്താണ്,മനോഹരമായ പൂക്കളുടെ വിത്തുകൾ.വേനൽ മാറി വർഷം വരുമ്പോൾ ഇവ ചെടികളാവും പൂമരങ്ങളാവും.നൂറുകണക്കിന് പൂക്കൾ അവയിലൊക്കെ വിരിയും. ഞാനൊരിക്കലും ഒരു പക്ഷെ വരില്ലായിരിക്കും എനിക്കവ ഒരിക്കലും കാണാൻ കഴിയില്ലായിരിക്കാം എന്നാലും ഒരു പാട് ആളുകൾക്ക് അവ കണ്ട് ആസ്വദിക്കാനാവും അതിന്റെ സുഗന്ധം നുകരനാവും.യാത്രക്കാരൻ വീണ്ടും ചോദിച്ചു നിങ്ങൾക്ക് കാണാനാവില്ലെങ്കിൽ പിന്നെന്തിനാണ് ഇങ്ങനെ ചെയ്യുന്നത്. അവർ മറുപടി പറഞ്ഞു. ഒരുപാട് പേർക്ക് സന്തോഷമാവും എന്നതു തന്നെയാണ് എന്റെ സന്തോഷം. മറ്റുള്ളവർക്ക് സന്തോഷകരമാവുന്നത് ചെയ്യാൻ ഞാൻ ആവും വിധം പരിശ്രമിക്കും. അക്കാര്യത്തിൽ ഞാനൊരു പിശുക്കിയല്ല.

*If you don't become the ocean, you will be seasick every day* - **Leonard Cohen**

## യാത്ര

**മാറാച്ചേരിൽ തോമസ് പോൾ റമ്പാൻ**

വളരെ നിർബന്ധിച്ച് ആവശ്യപ്പെട്ടിട്ടാണ് പിതാവ് മകനൊരു പഴയ ബൈക്ക് വാങ്ങിക്കൊടുത്തത്. അപ്പന്റെ കഷ്ടപ്പാടുകൾ മകനും അറിയാം. പക്ഷേ ബൈക്ക് വാങ്ങാമെന്ന ഉറപ്പിലാണ് മുതലാളി അവന് ജോലി നൽകിയത്. എത്രയോ തവണ ടൗണിലും ഗ്രാമത്തിലുമായി ദിവസവും ബൈക്കിൽ യാത്ര ചെയ്താലാണ് മുതലാളിക്കുവേണ്ടി ജോലി പൂർത്തീകരിക്കാനാവുക. മറ്റുള്ളവന്റെ വസ്തുവിൽ ജോലി ചെയ്തു കിട്ടിയതിൽ നിന്നുമാണ് അപ്പൻ മകന്വേണ്ടി വാഹനം വാങ്ങിയത്. അതുകൊണ്ടു തന്നെ ആദ്യ യാത്രയിൽ അപ്പനെക്കൂടി ഒപ്പമിരുത്തി വാഹനം ഓടിക്കണമെന്ന് അവന് നിർബന്ധമായിരുന്നു. വളരെ നിർബന്ധിച്ചപ്പോൾ അപ്പനും സമ്മതിച്ചു.

വാഹനത്തിൽ കയറി യാത്ര ചെയ്തപ്പോൾ അപ്പനും സന്തോഷമായി. ജോലി ചെയ്ത് പണം കിട്ടിയ ശേഷം വേണം കടം തീർക്കുവാൻ... പഠിക്കാൻ വാങ്ങിയ പണം ഇനിയും കൊടുത്തു തീർക്കാനുണ്ട്... മകന്റെ ചിന്ത കാടു കയറിയപ്പോഴേക്കും ബൈക്ക് അതിവേഗത്തിൽ പായാൻ തുടങ്ങി. വേഗം കുറയ്ക്കൂ മോനേ - അവൻ കേൾക്കുന്നില്ല. പകരം മകന്റെ മറുപടി എല്ലാവരും കാണട്ടെ എന്റെ അപ്പനും ബൈക്കിൽ യാത്ര ചെയ്യുന്നത്. വീണ്ടും ആവശ്യപ്പെട്ടപ്പോൾ അവൻ ഹെൽമറ്റ് അപ്പന്റെ നേരെ നീട്ടി. ഇതുവെച്ച് വണ്ടിയോടിച്ചിട്ട് നല്ല സുഖമില്ല-അപ്പൻ തലയിൽ വെച്ചോളൂ . നിവൃത്തികേടുകൊണ്ട് അപ്പൻ അനുസരിച്ചു. അപ്പൻ തന്നെ കെട്ടിപ്പിടിച്ച് ഇരുന്നോളൂ. മറുപടി കേൾക്കാതെ അവൻ വലിയ വേഗത്തിൽ വാഹനം ഓടിക്കുന്നത് തുടർന്നു. പിറ്റേന്നത്തെ പത്രത്തിൽ വന്ന വാർത്തയുടെ സാരാംശം ഓട്ടത്തിനിടെ ബ്രേക്ക് നഷ്ടപ്പെട്ട വാഹനം അപകടത്തിൽ പെട്ടു മകൻ മരിച്ചു. ഹെൽമറ്റ് ധരിച്ചിരുന്നതിനാൽ പിതാവ് രക്ഷപ്പെട്ടു.

വാഹനത്തിന്റെ ബ്രേക്ക് നഷ്ടപ്പെട്ടു എന്നറിഞ്ഞ നിമിഷത്തിൽ പിതാവിന്റെ ജീവൻ രക്ഷിക്കുവാൻ തന്റെ ഹെൽമറ്റ് പിതാവിനു നൽകിയ ആ മകന്റെ യാത്ര ഇവിടെ അവസാനിക്കുന്നുവോ?....


# കോഴിയുടെ പ്രാർത്ഥന

സച്ചിദാനന്ദൻ

എന്നെ നിങ്ങൾ വളർത്തുന്നത്
എന്തിനെന്ന് എനിക്കറിയാം
ഓരോ ദിവസവും തീറ്റി തരുമ്പോൾ
എന്റെ തുടയിലേക്കു നോക്കി
നിങ്ങൾ ഉപ്പും മുളകും ചേർത്ത്
വെള്ളമിറക്കുന്നതു ഞാൻ ശ്രദ്ധിക്കുന്നുണ്ട്.
വിധിദിവസം ഓരോ അരിമണിക്കും
നിങ്ങളെന്നോടു കണക്കു പറയും.

ഒന്നോർത്താൽ
നിങ്ങളുടെ കുട്ടികളെയും നിങ്ങൾ വളർത്തുന്നത്
ഇങ്ങിനെ തന്നെയല്ലെ
കയ്യോ കാലോ വളരുന്നതെന്നു നോക്കി
എങ്കിലും മക്കളെ കൊല്ലുന്നെങ്കിൽ
ഒറ്റ വെട്ടിനു കൊന്നേക്കണെ.
മുത്തശ്ശിമാരറിയരുത്.
ഉപ്പും മുളകും നല്ലപോലെ ചേർക്കണെ.
മുലപ്പാൽ ചുവച്ചാലോ

*(പ്രസിദ്ധീകരിച്ച കവിത കവിയുടെ അനുവാദത്തോടെ വീണ്ടും വായനയ്ക്ക്.)*





ഹെർമൻ ഗുണ്ടർട്ട്

### ലിറ്റിൽ മാസിക ന്യൂസ് ഡെസ്ക്

ഡോ: ഹെർമൻ ഗുണ്ടർട്ടിന്റെ മലയാള പുസ്തകശേഖരം ജർമ്മനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാല സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി പൊതുസഞ്ചയത്തിന് കൈമാറുകയാണ്. അതിനുവേണ്ടി സർവ്വകലാശാല ഗുണ്ടർട്ട് ലിഗസി-ഡിജിറ്റലൈസേഷൻ എന്ന പേരിൽ ഒരു പ്രൊജക്ട് തന്നെ ഉണ്ടാക്കി കഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഔദ്യോഗികമായ അറിയിപ്പ് ഇക്കഴിഞ്ഞ സെപ്റ്റംബർ 13 ന് കൊച്ചിയിൽ വെച്ചു നടന്ന ഒരു ചെറിയ ചടങ്ങിൽ വെച്ച് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡോ: ഹൈക്ക മോസർ നടത്തി. ചടങ്ങിൽ വെച്ച് 1845 ൽ പുറത്തിറങ്ങിയ പഴഞ്ചൊൽ മാല, 1850 ൽ ഇറങ്ങിയ ഒരായിരം പഴഞ്ചൊൽ എന്നീ പുസ്കങ്ങളുടെ സ്കാൻ ചെയ്ത പകർപ്പ് മലയാളം വിക്കീപീഡിയ പ്രവർത്തകർക്ക് കൈമാറി. ഗുണ്ടർട്ട് ജർമ്മനിയിലേക്ക് മടങ്ങിപ്പോയപ്പോൾ കൂടെക്കൊണ്ടുപോയ പുസ്തകശേഖരം മുഴുവനും സ്കാൻ ചെയ്ത് പൊതുസമൂഹത്തിന് വായിക്കാവുന്ന വിധത്തിൽ പൊതുസഞ്ചയത്തിലാക്കുമ്പോൾ മലയാള ഭാഷയ്ക്ക് ജർമ്മൻ സർവ്വകലാശാല നൽകുന്ന അപൂർവ്വ ഉപഹാരം കൂടിയാകുന്നു. ഒപ്പം, വിക്കീപീഡിയ പ്രവർത്തകർ മലയാള ഭാഷയ്ക്ക് വേണ്ടി കേരളത്തിന് പുറത്ത് എവിടൊക്കെയോ ഇരുന്ന് പ്രയത്നിച്ച് വിജയം കണ്ട കഥയുമാണിത്.

## മലയാള പൊതുസഞ്ചയ കൃതികളുടെ കേരളത്തിലെ സ്ഥിതി

ആരുടെയും സ്വകാര്യ സ്വത്തോ, നിയന്ത്രണത്തിലോ അല്ലാത്ത ഭൗതിക സ്വത്തുക്കളെന്ന് പൊതുവെ അറിയപ്പെടുന്ന അമൂർത്ത വസ്തുക്കളുടെ ശേഖരമാണ് പൊതുസഞ്ചയം (Public Domain). ഇന്ത്യയിലെ പകർപ്പവകാശ നിയമമനുസരിച്ച് ഒരു രചയിതാവ് മരിച്ച് 60 വർഷം കഴിഞ്ഞാൽ പ്രസ്തുത രചയിതാവ് മരിക്കുന്നതിനുമുമ്പ് പ്രസിദ്ധീകരിച്ച എല്ലാ രചനകളും പൊതുസഞ്ചയത്തിൽ ആയിത്തീരും. ഒരു പ്രത്യേക രചയിതാവ് ഇല്ലെങ്കിൽ പുസ്തകം പ്രസിദ്ധീകരിച്ച് 60 വർഷം കഴിഞ്ഞാൽ പൊതുസഞ്ചയത്തിൽ ആകും. പൊതുസഞ്ചയത്തിൽ വരേണ്ട സർക്കാർ രേഖകൾ പോലും 60 വർഷം കഴിഞ്ഞാൽ മാത്രമേ പകർപ്പവകാശത്തിൽ നിന്നും സ്വതന്ത്രമാകു. അങ്ങനെ 60 വർഷം കൊണ്ട് പൊതുസഞ്ചയത്തിൽ എത്തുന്ന, അഥവാ പകർപ്പവകാശം അവസാനിച്ച പുസ്തകങ്ങൾ പൊതുസ്വത്തായി തീരുന്നു. ഇത്തരത്തിലുള്ള മലയാള പുസ്തകങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ ശേഖരമുണ്ടാക്കുന്ന പദ്ധതി വിവിധ സർവ്വകലാശാലകളും സർക്കാർ സ്ഥാപനങ്ങളും ഇപ്പോൾ നടത്തുന്നുണ്ട്. കേരള സാഹിത്യ അക്കാദമി, കേരള, കാലിക്കറ്റ് സർവ്വകലാശാലകൾ, കേരള സ്റ്റേറ്റ് ലൈബ്രറി തുടങ്ങിയ സ്ഥാപനങ്ങളിൽ ഇപ്രകാരം പൊതുസഞ്ചയത്തിൽ വന്ന പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്തുവരുന്നുണ്ട്. ആയിരക്കണക്കിനു

# ശ്രേഷ്ഠ മലയാളത്തിന് സഹായവുമായി ഒടുവിൽ ഡിജിറ്റൽ ആക്ടിവിസ്റ്റുകൾ

**സർക്കാരും സർവ്വകലാശാലകളും മറ്റു ഗവേഷണ സ്ഥാപനങ്ങളും നോക്കി നിൽക്കെ മറുനാടൻ മലയാളിയായ ഒരു വിക്കിപീഡിയ പ്രവർത്തകന്റെ ശ്രമഫലമായി ഡോ: ഹെർമൻ ഗുണ്ടർട്ടിന്റെ മലയാള പുസ്തകശേഖരം ജർമ്മനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാല സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി പൊതുസഞ്ചയത്തിന് കൈമാറുകയാണ്. ഡിജിറ്റൽ യുഗത്തിൽ സന്നദ്ധപ്രവർത്തനത്തിന്റെ പുതിയ ഇടമായി മാറിക്കഴിഞ്ഞിരിക്കുന്ന ഇന്റർനെറ്റ് ലോകത്ത് നടക്കുന്ന അറിവിന്റെ വികേന്ദ്രീകരണത്തിനായുള്ള ഇത്തരം പരിശ്രമങ്ങളായിരിക്കും ഇനിയുള്ള കാലത്തെ നിർണ്ണയിക്കാൻ പോകുന്നത്.**

പുസ്തകങ്ങൾ ഇങ്ങനെ ഡിജിറ്റൽ രൂപത്തിലാക്കിയിട്ടുണ്ടെങ്കിലും അവയിൽ പലതും പൊതുജനത്തിന് ലഭ്യമാക്കിയിട്ടില്ല. കേരള സ്റ്റേറ്റ് ലൈബ്രറി മാത്രം അവർ സ്കാൻ ചെയ്ത പുസ്തകങ്ങൾ ഭാഗികമായി മാത്രം ഇന്റർനെറ്റിലിട്ടിട്ടുണ്ട്. പക്ഷേ ഈ പുസ്തകങ്ങൾ ഭൂരിഭാഗവും ഇംഗ്ലീഷ് പുസ്തകങ്ങളോ സർക്കാർ രേഖകളോ മാത്രമാണ്. അതിനും പുറമേ ലഭ്യമാക്കിയ ഈ പുസ്തകങ്ങൾ പോലും ഡൗൺലോഡ് ചെയ്യാൻ അനുവദിക്കുന്നുമില്ല. ചുരുക്കത്തിൽ സർക്കാരും സർവ്വകലാശാലകളും മറ്റു ഗവേഷണ സ്ഥാപനങ്ങളും കോടിക്കണക്കിനു രൂപ മുതൽമുടക്കി പുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കിയിട്ടുണ്ടെങ്കിലും അവ പരമാവധി ജനങ്ങളിലെത്തിക്കാതിരിക്കുകയാണ് അവർ ചെയ്യുന്നത്.

പൊതുസഞ്ചയത്തിൽ ഉള്ള പുസ്തകങ്ങളുടെ ഡിജിറ്റൽ സ്കാനുകൾ പലവിധത്തിൽ സമൂഹത്തിനും ഭാവിയ്ക്കും സംസ്കാരത്തിനും പ്രയോജനപ്രദമാണ്. കോപ്പിറൈറ്റ് ഇല്ലാതെ യഥേഷ്ടം ഉപയോഗിക്കാവുന്ന പുസ്തകങ്ങൾ സ്കാൻ ചെയ്ത് കൊടുത്താൽ മലയാളം വിക്കി ഗ്രന്ഥശാല പോലുള്ള മലയാളത്തിലെ പൊതുസഞ്ചയത്തിലുള്ള കൃതികൾ ശേഖരിക്കുന്ന സംരംഭങ്ങൾക്ക് അത് സഹായകരമാവും. ഏതായാലും പൊതുസഞ്ചയത്തിലുള്ള കൃതികൾ ഡിജിറ്റൽ രൂപത്തിലാക്കി ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതിന് ലോകത്ത് എല്ലായിടത്തും കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തുന്നുണ്ട്. നമ്മുടെ നാട്ടിലും ഇതിനായി പണം ധാരാളം മുടക്കുന്നുണ്ട്. എന്നാൽ അത് പൊതുസമൂഹത്തിന് ലഭ്യമാവുന്നില്ല. വിജ്ഞാനവിതരണത്തിനായി വാതിൽ തുറന്നിടേണ്ട നമ്മുടെ സർക്കാർ സംരംഭങ്ങളും സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും അറിവിന്റെ പങ്കുവെക്കലിനെ പരമാവധി നിഷേധിക്കുകയാണ്.

ഉദാഹരണത്തിന് മലയാളം മലയാളം ലിപി ആദ്യമായി അച്ചടിക്കപ്പെട്ട ഹോർത്തൂസ് മലബാറിക്കൂസ് (1678), ആൽഫബെത്തും ഗ്രന്ഥാണിക്കോ മലബാറിക്കം (1772), സംക്ഷേപ വേദാർത്ഥം (1772), ഗ്രാമർ ഓഫ് മലയാളം ലാംഗ്വേജ് (1799), ബെയ്‌ലിയുടെ മലയാളം ബൈബിൾ (1829) തുടങ്ങിയ പുസ്തകങ്ങൾ കേരളത്തിൽ തന്നെ ഉണ്ടെങ്കിലും കോടിക്കണക്കിനു രൂപ ചിലവഴിച്ച് സർക്കാർ തന്നെ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി വെച്ചിട്ടുണ്ടെങ്കിലും ഇതൊന്നും പൊതുസമൂഹത്തിന് ഇതുവരെ ലഭ്യമല്ല.

## വിക്കിപ്രവർത്തകരുടെ ഇടപെടൽ

മലയാളത്തിന് വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് താങ്ങാവേണ്ട സർക്കാരും സർക്കാർ സ്ഥാപനങ്ങളും ഇങ്ങനെ കയ്യും കെട്ടി നിൽക്കുമ്പോൾ മലയാള പുസ്തകങ്ങളുടെ ഡിജിറ്റൽ സ്കാനുകൾ തേടിയുള്ള വിക്കി സന്നദ്ധ പ്രവർത്തകനായ ഷിജു അലക്സന്റെ യാത്ര ഒടുവിൽ വിദേശ സർവ്വകലാശാലകളിലെ ഡിജിറ്റൽ ശേഖരങ്ങളിലാണ് എത്തിയത്. അങ്ങനെ വിവിധ രാജ്യങ്ങളിലെ ഡിജിറ്റൽ ലൈബ്രറികളിൽ നിന്ന് കണ്ടെടുത്ത് വിക്കിപീഡിയ കോമൺസിലും ആർക്കൈവ് ഓർഗിലൂടെയും അപ്‌ലോഡ് ചെയ്ത് ഷിജു അലക്സ് തന്റെ shijualex.in എന്ന ബ്ലോഗിലൂടെ എല്ലാവരുമായി പങ്കുവെച്ചു.അങ്ങനെ ഇതുവരെ കാണാതിരുന്ന വളരെ പഴയ മലയാള പുസ്തകങ്ങളുടെ ആദ്യപ്രതികളുടെ ഡിജിറ്റൽ പകർപ്പുകൾ പൊതുസമൂഹത്തിന് ലഭ്യമായി. മലയാളം ലിപി ആദ്യമായി അച്ചടിക്കപ്പെട്ട ഹോർത്തൂസ് മലബാറിക്കൂസ്(1678) ,സംക്ഷേപ വേദാർത്ഥം (1772), ബ്രെയ്‌ലിയുടെ മലയാളം ബൈബിൾ (1829) ഗുണ്ടർട്ടിന്റെ നിഘണ്ടു തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. വിദേശ സർക്കാരുകളുടെ സഹായത്തോടെ 1840 കൾക്ക് മുമ്പ് അച്ചടിച്ച മിക്ക മലയാള പുസ്തകങ്ങളുടെ ഡിജിറ്റൽ സ്കാനുകൾ തന്റെ ബ്ലോഗിൽ ഷിജു ലഭ്യമാക്കി. വിദേശ സർവ്വകലാശാലകളിൽ നിന്ന് കൂടുതൽ പുസ്തകങ്ങളുടെ ഡിജിറ്റൽ സ്കാനുകൾ സംഘടിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ് ഷിജു.അതിന്റെ ഭാഗമാണ് ട്യൂബിങ്ങൻ സർവ്വകലാശാലയിലെ ഗുണ്ടർട്ട് സ്കാനുകൾ നമുക്കു കിട്ടാൻ പോകുന്നത്.

## ഗുണ്ടർട്ട് ലെഗസി പദ്ധതി

ജർമ്മനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാലയിൽ ഹെർമൻ ഗുണ്ടർട്ടിന്റെ ശേഖരത്തിലുണ്ടായിരുന്ന മലയാള പുസ്തകങ്ങൾ ഉള്ളതായി മനസ്സിലാക്കി. പക്ഷേ അവ ഡിജിറ്റൽ രൂപത്തിലാക്കിയിരുന്നില്ല. വിക്കിപീഡിയ ജർമ്മനിയുടെ സഹായം തേടി.

.... പേജ് 7 ൽ

### നിങ്ങൾക്കും സഹായിക്കാം

മലയാളത്തിലെ നിരവധി ആദ്യകാല പുസ്തകങ്ങൾ ഷിജു അലക്സിന്റെ shijualex.in എന്ന ബ്ലോഗിലൂടെ ഡിജിറ്റൽ രൂപത്തിൽ വായിക്കാം.1953 ന് മുമ്പ് അച്ചടിച്ച മലയാള പുസ്തകങ്ങളോ പഴയ കൈയ്യെഴുത്തു പ്രതികളോ താളിയോലകളോ കൈയ്യിൽ ഉണ്ടെങ്കിൽ ഷിജുവുമായി ബന്ധപ്പെട്ടാൽ അത് സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

*ഷിജു അലക്സിന്റെ ഫോൺ-9663981937*

# സ്വതന്ത്ര സോഫ്റ്റ്‌വെയറിനു മുന്നിൽ മൈക്രോസോഫ്റ്റിന്റെ പരാജയം

**എത്ര വലിയ കമ്പനികളായാലും തങ്ങളുടെ ചില സംരംഭങ്ങൾ നിർത്തിവെക്കുക പതിവാണ്. കാരണങ്ങൾ പലതാണ്. എന്നാൽ ആഗോളഭീമനായ മൈക്രോസോഫ്റ്റ് ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ – സംരംഭത്തിനു മുന്നിൽ മുട്ടുകുത്തിയെന്നു പറഞ്ഞാലോ....**

നന്ദൻ

ജാഗ്വാർ, റോഡ്റണ്ണർ തുടങ്ങി ഏതാണ്ടെല്ലാ സൂപ്പർ കമ്പ്യൂട്ടറുകളിലും മിക്ക വെബ് സെർവ്വറുകളിലും ഉപയോഗിക്കുന്ന ഓപറേറ്റിംഗ് സിസ്റ്റം ഗ്നു/ലിനക്സ് ആണെന്ന് നമുക്കറിയാം. ഉബുണ്ടു പോലുള്ള ഡിസ്ട്രിബ്യൂഷനുകളുടെ വരവോടെ ഗ്നു/ലിനക്സ് ഡെസ്ക്ടോപ്പുകളിലേയ്ക്കും കടന്നുവന്നിരിക്കുകയാണ്. 'സൗജന്യം' എന്നതിലുപരി 'സ്വതന്ത്രം' ആയതിനാലാണ് ഗ്നു/ലിനക്സ് ഇത്രയധികം ശക്തവും പ്രശസ്തവും ആയിത്തീർന്നത്. മോസില്ല ഫയർഫോക്സ് പോലെയുള്ള പ്രോഗ്രാമുകളും ഇന്ന് പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിന് കടുത്ത വെല്ലുവിളിയായിത്തീർന്നിരിക്കുന്നു. എന്നാൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രാമുഖ്യം മൂലം പ്രൊപ്രൈറ്ററി കമ്പനികൾ തങ്ങളുടെ ഉൽപന്നങ്ങൾ പിൻവലിച്ച കഥ നാം വല്ലാതെ കേട്ടുകാണില്ല. അത്തരമൊരു സംഭവമാണ് നാം വിശകലനം ചെയ്യുന്നത്. ലോകത്തിലെ ഏറ്റവും വലിയ സോഫ്റ്റ്‌വെയർ സ്ഥാപനമായ മൈക്രോസോഫ്റ്റിന്റെ വിജ്ഞാനകോശമായ എൻകാർട്ടയുടെ പരാജയം!

ഒരു ഡിജിറ്റൽ വിജ്ഞാനകോശം നിർമ്മിക്കാൻ സഹായിക്കണമെന്നാവശ്യപ്പെട്ട് മൈക്രോസോഫ്റ്റ് 1980-കളിൽ ബ്രിട്ടാനിക്കയെ സമീപിച്ചിരുന്നു. വിജ്ഞാനകോശരംഗത്തെ അതികായരായ ബ്രിട്ടാനിക്ക പക്ഷേ, ആ ആവശ്യം നിരസിച്ചുകളഞ്ഞു. തങ്ങളുടെ അച്ചടിവിജ്ഞാനകോശ വിപണിക്ക് മങ്ങലേൽക്കുമെന്നായിരുന്നു അവരുടെ ഭയം. (പിന്നീട് ഡിജിറ്റൽ വിജ്ഞാനകോശങ്ങളോട് പിടിച്ചുനിൽക്കാനാവാതെ Benton Foundation 1996-ൽ ബ്രിട്ടാനിക്കയെ വിറ്റത് മറ്റൊരു കഥ). 1993 ൽ Funk & Wagnalls Encyclopedia യുടെ കയ്യിൽ നിന്ന് അവകാശങ്ങൾ വാങ്ങിയാണ് മൈക്രോസോഫ്റ്റ് എൻകാർട്ട എന്ന വിജ്ഞാനകോശത്തിന് തുടക്കമിടുന്നത്. ആദ്യം അതിനിട്ട പേര് Gandalf എന്നായിരുന്നു. ഒരു പരസ്യസ്ഥാപനമാണ് മൈക്രോസോഫ്റ്റിനുവേണ്ടി Encarta എന്ന പേര് കണ്ടെത്തിയത്.

ഡിസംബർ 2000-ൽ റിച്ചാർഡ് സ്റ്റാൾമാനാണ് ആദ്യമായി ഒരു സ്വതന്ത്ര-ഓൺലൈൻ വിജ്ഞാനകോശം എന്ന ആശയം അവതരിപ്പിക്കുന്നത്. ഇതേത്തുടർന്ന് 2001 ജനുവരി 15 ന് ജിമ്മി വെയ്ൽസും ലാറി സാങ്ങറും സംയുക്തമായി സ്ഥാപിച്ചതാണ് വിക്കിപീഡിയ. ഇപ്പോൾ വിക്കിമീഡിയ ഫൗണ്ടേഷനാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത്.

200-ൽ അധികം ഭാ,കലിൽ ലഭ്യമായ, ഇരുപത്തേഴു ലക്ഷത്തിലധികം ലേഖനങ്ങളുള്ള വിക്കിപീഡിയയിലേക്ക് അനുദിനം 5000 പുതിയ ലേഖനങ്ങൾ കൂട്ടിച്ചേർക്കപ്പെടുന്നു. നിലവിൽ ഇത് അച്ചടിച്ചാൽ 8000 വാല്യങ്ങളോളം വരും. നിരവധി മൾട്ടിമീഡിയ വിഭവങ്ങളുള്ള വിക്കി കോമൺസും അനേകം പുസ്തകങ്ങളുള്ള വിക്കിബുക്സും വിക്കിമീഡിയയുടെ ഭാഗമാണ്. വിക്കിപീഡിയ ലേഖനങ്ങളിൽ നിന്ന് ഇവയിലേക്ക് ലിങ്കുണ്ട്.


ലേഖനങ്ങൾ, ഭൂപടങ്ങൾ, ചിത്രങ്ങൾ, ഓഡിയോ, വീഡിയോ തുടങ്ങി വിവിധ രൂപത്തിലുള്ള ഉള്ളടക്കം എൻകാർട്ടയിലുമുണ്ടായിരുന്നു. എന്നാൽ എൻകാർട്ടയിൽ ലേഖനങ്ങൾ കുറവായിരുന്നു. പത്തുവർഷം തികയുന്നതിനുമുമ്പു തന്നെ വിക്കിപീഡിയയിൽ ഗുണമേൻമയുള്ള ദശലക്ഷക്കണക്കിന് ലേഖനങ്ങളുണ്ടായി; പതിനഞ്ചു വർഷം കൊണ്ട് എൻകാർട്ടയിലോ, വെറും 62,000- ഉം. എൻകാർട്ട് ഇറങ്ങിയ ഭാഷകളും വളരെക്കുറവായിരുന്നു.

വിക്കിപീഡിയ പൂർണ്ണമായും സ്വതന്ത്രവും സൗജന്യവുമാണ്. അതായത്, ഉപയോക്താക്കൾക്ക് ഈ വിജ്ഞാനകോശത്തിലേക്ക് പുതിയ ലേഖനങ്ങൾ കൂട്ടിച്ചേർക്കുകയോ നിലവിലുള്ള ലേഖനങ്ങൾ തിരുത്തുകയോ ചെയ്യാം (ഒരു സേവന പ്രവർത്തനമാണിത്). എന്നാൽ ഇത് വിജ്ഞാനകോശത്തിന്റെ ആധികാരികതയെ താഴ്ത്തുന്നില്ല. ലോകമെമ്പാടുമുള്ള വളണ്ടിർമാരും വിക്കിമീഡിയ ഫൗണ്ടേഷനിലെ ഉദ്യോഗസ്ഥരും ചേർന്നുനടത്തുന്ന ശുദ്ധീകരണ പ്രവർത്തനങ്ങളാണ് കാരണം.

പക്ഷേ എൻകാർട്ട 'റീഡ് ഒൺലി' ആയിരുന്നു. 2005-ഓടെ ഇതിന് ചില അയവുകൾ വന്നു. ഉള്ളടക്കത്തിൽ വിശകലനം ചെയ്ത് തീരുമാനമെടുത്ത് സാവധാനം മാറ്റിക്കോളും. എന്നാൽ പണം കൊടുത്തുവാങ്ങേണ്ട എൻകാർട്ടയിലേക്ക് സംഭാവന ചെയ്തവർക്കാർക്കും മൈക്രോസോഫ്റ്റ് പ്രതിഫലമൊന്നും നൽകിയില്ലെന്നതാണ് രസകരം!


മൈക്രോസോഫ്റ്റ് എന്ന സ്ഥാപനത്തിന്റെ പ്രശസ്തി അതിന്റെ ഉൽപന്നമായ എൻകാർട്ടയ്ക്ക് നേടിയെടുക്കാനായില്ല. ആർക്കുമറിയാത്ത രണ്ടാളുകൾ സ്ഥാപിച്ച വിക്കിപീഡിയയാകട്ടെ, ഇന്ന് ഇന്റർനെറ്റിലെ ഏറ്റവും പ്രശസ്തമായ (ട്രാഫിക് അടിസ്ഥാനത്തിൽ) അഞ്ച് വെബ്സൈറ്റുകളിലൊന്നാണ്. 2009 ജനുവരിയിലെ കണക്കനുസരിച്ച് ഓൺലൈൻ വിജ്ഞാനകോശങ്ങളിൽ ഒന്നാം സ്ഥാനം വിക്കിപീഡിയയ്ക്കും രണ്ടാം സ്ഥാനം എൻകാർട്ടയ്ക്കുമായിരുന്നു. ഒരൊറ്റ സ്ഥാനത്തിന്റെ വ്യത്യാസം മാത്രം. എന്നാൽ ട്രാഫിക് കണക്ക് കേൾക്കുമ്പോഴാണ് നാം ഞെട്ടുക - ഓൺലൈൻ വിജ്ഞാനകോശങ്ങളിൽ ജനങ്ങൾ ഉപയോഗിച്ചത് 1.27% എൻകാർട്ടയും 97% വിക്കിപീഡിയയും!

കമ്പ്യൂട്ടർ സ്ക്രീനിൽ മൗസ് കൊണ്ട് തിരിക്കാവുന്ന ഭൂഗോളം... നിങ്ങൾ ഒരു രാജ്യത്തിലോ നഗരത്തിലോ ക്ലിക്ക് ചെയ്താൽ അതിന്റെ ഭൂപടവും ലേഖനവും വരുന്നു...! 'മാപ് ട്രെക്' എന്നറിയപ്പെട്ടിരുന്ന ഈ സംവിധാനമായിരുന്നു എൻകാർട്ടയുടെ പ്രധാന ആകർഷണങ്ങളി



റിച്ചാൾഡ് സ്റ്റാൾമാൻ





വിക്കിപീഡിയ സ്ഥാപകരായ ജിമ്മി വെൽസും ലാറി സാംഗറും

ലൊന്ന്. എന്നാൽ വെർച്വൽ ഭൂഗോളങ്ങളുള്ള പ്രോഗ്രാമുകൾ ഇന്ന് വേറെയുമുണ്ട്, സ്വതന്ത്രസോഫ്റ്റ്‌വെയറായ 'മാർബ്ൾ' തന്നെ ഉദാഹരണം. ഗൂഗ്ളാകട്ടെ തങ്ങളുടെ സെർച്ച് റിസർട്ടുകളെയും മാപ്പുകളെയും വിക്കിപീഡിയ ലേഖനങ്ങളുമായി ബന്ധിപ്പിക്കുന്ന തിരക്കിലാണ്.

വിക്കിപീഡിയയിലെ ഉള്ളടക്കങ്ങൾ നിങ്ങൾക്ക് പകർത്തുകയോ അച്ചടിച്ചുവിൽക്കുകയോ എന്തും ചെയ്യാം! ഗ്നു ഫ്രീ ഡോക്യുമെന്റേഷൻ ലൈസൻസിന്റെ (GFDL) കീഴിലാണ് ലേഖനങ്ങൾ എന്നതാണ് കാരണം (മൾട്ടിമീഡിയ ഉള്ളടക്കം ക്രിയേറ്റീവ് കോമൺസ് ആട്രിബ്യൂഷന്റെ (CC) കീഴിലും). എന്തും ചെയ്യാം, ഒരേയൊരു നിബന്ധന - നാം പുന:പ്രസിദ്ധീകരിക്കുമ്പോഴും വിക്കിപീഡിയയിൽ നിന്നെടുത്ത ഉള്ളടക്കം GFDL, CC എന്നിവയുടെ കീഴിൽ വിതരണം ചെയ്യണമെന്നുമാത്രം.

എന്നാൽ എൻകാർട്ടയുടെ ഉള്ളടക്കം പ്രൊപ്രൈറ്ററി ലൈസൻസിന്റെ കീഴിലാണ്. അത് പകർത്താൻ ഉപയോക്താവിനു അനുവാദമില്ല.


2009 മാർച്ചിലാണ് ലോകത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് മൈക്രോസോഫ്റ്റ് അത് പ്രഖ്യാപിച്ചത് - എൻകാർട്ടയ്ക്ക് ഇനിയൊരു പതിപ്പുണ്ടാകില്ല! ഡിസ്ക്, ഓൺലൈൻ എന്നീ രണ്ട് രൂപങ്ങൾക്കും അത് ബാധകമായിരുന്നു (വാർഷിക വരിസംഖ്യയുടെ അടിസ്ഥാത്തിലായിരുന്നു ഓൺലൈൻ എൻകാർട്ടയുടെ ഉപയോഗം). ഈയൊരു തീരുമാനമെടുക്കാൻ തങ്ങളെ പ്രേരിപ്പിച്ചത് ആളുകൾ വിവരം സമ്പാദിക്കുന്ന രീതികളിലും വിജ്ഞാനകോശ വിപണിയിലും വന്ന മാറ്റങ്ങളാണെന്നാണ് മൈക്രോസോഫ്റ്റ് പറഞ്ഞത്. ബ്രിട്ടാനിക്ക ഒരിക്കലും എൻകാർട്ടയ്ക്ക് ഒരു തടസ്സമായിരുന്നില്ലെന്ന് വ്യക്തം. സോഫ്റ്റ്‌വെയർ, വിപണനതന്ത്രങ്ങൾ എന്നിവയിലും മൈക്രോസോഫ്റ്റിന് എതിരാളികളില്ല. അപ്പോൾപ്പിന്നെ മൈക്രോസോഫ്റ്റിന് വിലങ്ങുതടിയായത് സ്വതന്ത്രസോഫ്റ്റ്‌വെയറായ വിക്കിപീഡിയ തന്നെയാണെന്ന് ലോകം തിരിച്ചറിഞ്ഞു. ഇതുവരെ പറഞ്ഞ വസ്തുതകൾ ആ വാദത്തെ സാധൂകരിക്കുന്നുണ്ടല്ലോ.

സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്നാൽ സോഫ്റ്റ്‌വെയർ രംഗത്തെ കമ്പനികളുടെയും തൊഴിലവസരങ്ങളുടെയും അന്ത്യമാണെന്ന് കരുതരുത്. കനോണിക്കൽ, റെഡ്ഹാറ്റ്, നോവെൽ തുടങ്ങി ഈ രംഗത്ത് ഇന്ന് ധാരാളം കമ്പനികളും തൊഴിലവസരങ്ങളുമുണ്ട്. വിൽപ്പനയും കോടികളുടെ ലാഭവുമുണ്ട്. ഒന്നുമാത്രം - നിർമ്മാണരഹസ്യം അഥവാ സോഴ്സ് കോഡ് തുറന്നിടും; ഉപയോക്താവിന് സ്വാതന്ത്ര്യം നൽകും. നിർമ്മാതാവിനും ഉപയോക്താവിനും കമ്പ്യൂട്ടർമേഖലയ്ക്കും ഒരേപോലെ ഗുണം!

*( ലേഖകൻ പ്ലസ്ടു വിദ്യാർത്ഥിയും സജീവ സ്വതന്ത്ര സോഫ്റ്റ്‌വെയർ അക്ടിവിസറ്റുമാണ്. വിലാസം-നന്ദകുമാർ, എടമന, കുറുമ്പുത്തൂർ പി.ഒ,മലപ്പുറം-676301 E-mail: nandakumar96@mail.com)*

*പേജ് 5 ൽ നിന്ന് തുടർച്ച*

**ശ്രേഷ്ഠ മലയാളത്തിന് സഹായവുമായി ഒടുവിൽ ഡിജിറ്റൽ ആക്ടിവിസ്റ്റുകൾ....**



വിക്കിപീഡിയ ജർമ്മനി വഴി കാര്യങ്ങൾ നടക്കാതെ വന്നപ്പോൾ മറ്റു വഴിക്ക് ശ്രമം തുടങ്ങി. സർവ്വകലാശാലയിൽ ഒരു ഇൻഡോളജി വകുപ്പ് ഉണ്ട് എന്ന് മനസ്സിലാക്കി ആ വകുപ്പിൽ ഉള്ള ഹൈക്ക മോസർ എന്ന പ്രൊഫസർക്ക് സഹായം അഭ്യർത്ഥിച്ച് ഒരു മെയിൽ ഷിജു അയച്ചു. ജർമ്മൻകാരിയാണെങ്കിലും കേരളവും മലയാളവുമായി ഹൈക്ക മോസർക്ക് ഉള്ള ബന്ധം മനസ്സിലായത് പിന്നീടാണ്. കേരളത്തിൽ വന്ന് താമസിച്ച് കൂടിയാട്ടം അഭ്യസിച്ചിട്ടുള്ള മോസർ മലയാളത്തെയും കേരള സംസ്കാരത്തെയും വളരെയധികം സ്നേഹിക്കുന്ന വ്യക്തിയാണ്. ഷിജുവിന്റെ മെയിൽ കിട്ടിയപ്പോൾ തന്നെ ഹൈക്ക മോസർ സസന്തോഷം സഹായിക്കാമെന്നേറ്റു. ഹൈക്ക പിന്നീട് മലയാളത്തിന്റെ വക്കാലത്ത് എടുത്ത് സർവ്വകലാശാല ലൈബ്രറിയിലെ റിസേർച്ച് ഡയറക്ടറായ ഗബ്രിയേല സെല്ലറുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചടുലമായി നീക്കി. ട്യൂബിങ്ങൻ സർവ്വകലാശാല ഒരു പ്രത്യേക പ്രൊജക്ട് ഇതിനായി ഉണ്ടാക്കി ഗുണ്ടർട്ട് ശേഖരം സ്കാൻ ചെയ്യാമെന്ന് തീരുമാനിച്ചു. ഒടുവിൽ ഇക്കഴിഞ്ഞ സെപ്റ്റംബർ 12 ന് കൊച്ചിയിലെ ചെറിയ ചടങ്ങിൽ വെച്ച് മലയാള ഭാഷാ ചരിത്രത്തിൽ വഴിത്തിരിവാകുന്ന ഗുണ്ടർട്ട് ലെഗസി പദ്ധതിക്ക് ഔപചാരികമായ തുടക്കമായി.

ട്യൂബിങ്ങൻ സർവ്വകലാശാല ഗുണ്ടർട്ട് ശേഖരത്തിലെ ബാക്കി പുസ്തകങ്ങളുടെ സ്കാനുകൾ ഗുണ്ടർട്ട് ലെഗസി പദ്ധതിയുടെ ഭാഗമായി 2014 അവസാനത്തോടെ പൊതുസമൂഹത്തിന് ലഭ്യമാകും. അപ്പോഴും നമ്മുടെ സർവ്വകലാശാലകളും സർക്കാർ സ്ഥാപനങ്ങളും അവർ സകാൻ ചെയ്തെടുത്ത പോതു സഞ്ചയ കൃതികളുടെ ഡിജിറ്റൽ പകർപ്പുകളും കെട്ടിപ്പിടിച്ചിരിക്കുകയായിരിക്കുമോ ?

മറ്റമ്മയുടെ ഓർമ്മകൾ-2

# മറ്റമ്മയുടെ സെയ്തുട്ടി

സി.പി. സുരേഷ് ബാബു

സെയ്തുട്ടിക്ക് ഉമ്മയും ബാപ്പയും ഇട്ട പേര് മുഹമ്മദ് എന്നായിരുന്നു. എന്നാൽ മറ്റമ്മ സെയ്തുട്ടീ എന്ന് സ്നേഹത്തോടെ വിളിച്ചു. അച്ചുമ്മാമനാണ് ആദ്യമായി മുഹമ്മദിനെ ''സെയ്തുട്ടി'' എന്ന് വിളിച്ചത്. ചെറിയമ്മാമ പി.എസ്.പി റെഡ് വളണ്ടിയർ മാർച്ചിനു വേണ്ടി തുന്നിച്ച ചുകന്ന ട്രൗസർ സെയ്തുട്ടിക്ക് കൊടുത്തു. പുഴയിൽ മുങ്ങിക്കുളിച്ച് ചുകന്ന ട്രൗസറുമിട്ട് നനഞ്ഞ മുണ്ട് ഉണങ്ങാനായി തലയ്ക്ക് മീതെ നിവർത്തിപ്പിടിച്ച് സെയ്തുട്ടി എന്നും ഉച്ചയോടെ വീട്ടിലെത്തും. ഉച്ചസമയം കഴിഞ്ഞാൽ മറ്റമ്മയ്ക്ക് വേവലാതി തുടങ്ങും ഇന്നെന്ത് പറ്റി സെയ്തുട്ടിക്ക് - സെയ്തുട്ടിക്കുള്ള ഭക്ഷണം വിളമ്പി വെച്ച് മറ്റമ്മ കാത്തിരിക്കും. പടി കയറി വരുമ്പോൾ ''അമ്മോ....'' എന്നൊരു വിളിയുണ്ട്. അതുകേട്ടാൽ സമാധാനമായി. ''എന്താ സെയ്തുട്ട്യേ.... സമയത്ത് ഭക്ഷണം കഴിക്കാൻ വന്നൂടെ..... എത്ര നേരായി വിളമ്പിവെച്ചിട്ട്?'' സെയ്തുട്ടി പറയും ''എന്റ മ്മോ.. കിളികള് ഞമ്മളൊന്ന് തിരിയാൻ കാത്ത് നിക്കാ.. അലമ്പാക്കാൻ.'' ചുള്ളിക്കോട്ട് അവറാന്റെ പത്ത് മക്കളിൽ ഏറ്റവും ഇളയതാണ് സെയ്തുട്ടി. മൂത്ത മക്കളെല്ലാം കുടിവെച്ച് വെവ്വേറെ പാർപ്പു തുടങ്ങി. സെയ്തുട്ടിക്ക് അപസ്മാരത്തിന്റെ സൂക്കേട് ഉള്ളതുകൊണ്ട് പുറംപണിക്ക് പോവാൻ വയ്യ. സെയ്തുട്ടിയുടെ വീടിന്റെ മുൻവശത്താണ് ഞങ്ങളുടെ പാടം. ഞാറ് പാവി പാടത്ത് കതിര് വരുന്നതുവരെ ഒരു കതിരു പോലും കിളി കൊണ്ടുപോവാതെ നോക്കുന്ന ജോലി സെയ്തുട്ടി ഏറ്റെടുത്തിട്ട് വർഷം 2 കഴിഞ്ഞു. കിളികൾ വന്നാലും ഇല്ലെങ്കിലും ഒഴിഞ്ഞ എണ്ണതപ്പിൽ കൊട്ടി ശബ്ദമുണ്ടാക്കി വയലിലേക്ക് തന്നെ കണ്ണും നട്ട് സെയ്തുട്ടി ഇരിക്കും - അതിലിടയ്ക്ക് എപ്പഴാണ് രോഗം വരാ എന്ന് പറയാൻ പറ്റില്ല. മണ്ണിൽ വീണാൽ മണ്ണ് മുഴുവനും വായിലാവും. വെള്ളത്തത്തിൽ വീണാൽ... അതാലോചിക്കാൻ കൂടി വയ്യ. അങ്ങനെ വെള്ളത്തിൽ ഇളകി വീണ ഒരു ദിവസം അച്ചുമ്മാവനാണ് സെയ്തുട്ടിയെ രക്ഷിച്ചത്. ചുകന്ന അരഞ്ഞാണച്ചരടിൽ കെട്ടിയിട്ട താക്കോൽ കൂട്ടം കാണാം. ആരെങ്കിലും അതെടുത്ത് ബലമായി കയ്യിൽ പിടിപ്പിച്ചാൽ സമാധാനാവും.

മറ്റമ്മയുടെ മക്കൾക്കെല്ലാം ചെറുപ്പത്തിൽ അപസ്മാരം ഉണ്ടായിരുന്നു. അത് മാറിയത് ശബരിമലയ്ക്കുള്ള നെയ്ത്തേങ്ങ കൊടുത്തയച്ചതിനുശേഷമാണ്. ശബരിമലക്കാലമാവുമ്പോൾ മറ്റമ്മ പറയും - ''ആ സെയ്തുട്ടിന്റെ പേരിലും ഒരു നെയ്ത്തേങ്ങ നിറയ്ക്കണം ഗോപാലാ.. ഓന്റെ രോഗം വേഗം മാറട്ടെ.''അച്ചുമ്മാമന് സെയ്തുട്ടി സ്വന്തം അനിയനെ പോലെയായിരുന്നു. അച്ചുമ്മാമന് അച്ഛനും അമ്മയും ഇല്ല. മറ്റമ്മയുടെ അനിയത്തി അച്ചുവിന് ഏഴ് വയസ്സുള്ളപ്പോഴാണ് മരിച്ചത്. അനിയത്തിയുടെ മരണശേഷം അച്ചുവിനെ വളർത്തിയത് മറ്റമ്മയായിരുന്നു - പെറ്റമ്മയുടെ സ്നേഹത്തിന്റെ അഭാവം അച്ചു അറിഞ്ഞില്ല. തന്റെ മക്കളായ രാമനേയും ഗോപാലനെയും മറ്റമ്മ നല്ലവണ്ണം ശിക്ഷിക്കും. എന്നാൽ അച്ചുവിനെ ഒന്നും പറയില്ല. എന്നാലും ചിലപ്പോൾ ആ കണ്ണുകൾ നിറയും. അപ്പോൾ മറ്റമ്മ അതറിയും. അടുത്ത് ചെന്നിരുന്ന് പുറത്ത് തലോടും. ഒരു ദിവസം അച്ചു പറഞ്ഞു. ''അച്ഛനും അമ്മയുമില്ലാത്ത എനിക്ക് വല്യമ്മണ്ടല്ലോ. എന്നാൽ ബാപ്പയും ഉമ്മയും 9 സഹോദരങ്ങളുമുള്ള സെയ്തുട്ടിക്കാരൂല്യ... നേരത്ത് ഭക്ഷണം കൂടി ഇല്യ. ഓനാണെങ്കില് അപസ്മാരത്തിന്റെ സൂക്കേടും.'' അതു കേട്ടപ്പോ മറ്റമ്മ പറഞ്ഞു. ''എന്നാല് നാളെ മുതല് ഊണു കഴിക്കാൻ വരുമ്പം ഓനേം കൂട്ടിക്കോ.'' അങ്ങനെയാണ് സെയ്തുട്ടി വീട്ടിലെ പതിവുകാരനായത്.സെയ്തുട്ടി ഊണുകഴിഞ്ഞ ഉടനെ പോകാൻ തിരക്കുകൂട്ടും. അപ്പോൾ മറ്റമ്മ പറയും. ''ഈ നട്ടക്കുമ്പിരി വെയിലത്ത് ഇയ്യ് പോണ്ട സെയ്തുട്ട്യേ... വെയ്‌ലാറീട്ട് പോവാ..'' സെയ്തുട്ടി പറയും ''ന്ന്ട്ട് വേണല്ലേ കിളികള് വന്ന് നെല്ല് മുഴുവൻ കതിരൂരാൻ....?''

സെയ്തുട്ടി ധൃതിയിൽ നടന്നുമറയും. അങ്ങനെ ഒരു ദിവസം ഉച്ച തിരിഞ്ഞിട്ടും സെയ്തുട്ടി എത്തിയില്ല. വൈകുന്നേരം ആരോ പറഞ്ഞറിഞ്ഞു സെയ്തുട്ടിക്ക് സുഖല്യ. രണ്ട് ദിവസം കഴിഞ്ഞ് ലാ ഇലാഹ് ഇല്ലല്ലാഹ്... എന്ന ആരവത്തോടെ ഒരു മയ്യത്ത് കട്ടിലും താങ്ങി തലേക്കെട്ട് കെട്ടിയ കുറെ ആൾക്കാർ റോഡിലൂടെ പള്ളിക്കാട്ടിലേക്ക് നീങ്ങി. അച്ചുമ്മാമൻ നിറഞ്ഞുതുളുമ്പിയ കണ്ണുകളോടെ മറ്റമ്മയെ നോക്കി. ആ മാറിലേക്ക് തലചായ്ച്ചു. പിന്നെ വിങ്ങിപ്പൊട്ടിക്കൊണ്ട് പറഞ്ഞു. ''അത് ഞമ്മളെ സെയ്തുട്ട്യാ വല്യമ്മേ..''

**ജീവിതം കൊണ്ട് പ്രകാശം പരത്തിയ ഒരു മറ്റമ്മയോ മുത്തശ്ശിയോ ഒരു വല്ല്യച്ചനോ അല്ലങ്കിൽ അതുപോലെ യാരെങ്കിലും നിങ്ങളുടെ ഓർമ്മകളിലും ഇല്ലേ ....? പ്രശസ്തിയുടെ കൊടുമുടികൾ കയറിയിട്ടില്ലെങ്കിലും അവരും മഹാത്മാക്കൾ തന്നെ. അവരെക്കുറിച്ച് നിങ്ങൾക്കും എഴുതാം ഈ പംക്തിയിൽ**

**-എഡിറ്റർ**

ഭാഗം-രണ്ട്



**മഴ തോർന്നിട്ടും**
**മരം പെയ്യുമ്പോൾ**

# മുള്ളൻചീര

**അക്കു**

*ഓർമ്മകൾ അത് ചിലപ്പോൾ മനുഷ്യരെക്കുറിച്ച് മാത്രമല്ല, നമുക്കു പ്രിയപ്പെട്ട ഒരു മരം, ചെടി, കേവലം ഒരിലത്തലപ്പിനെക്കുറിച്ചുമാവാം. മനസ്സിൽ തളിർത്തു നിൽക്കുന്ന ചില മരം ഓർമ്മകൾ...*

മരിച്ചുകിടക്കുന്ന വീരാൻകുട്ടിയുടെ മുഖം കണ്ടപ്പോൾ പൊടുന്നനെ എന്റെ മനസ്സിൽ തെളിഞ്ഞുവന്നത് ചീരയാണ്. വെറും ചീരയല്ല, മുള്ളൻചീര! അതിന്റെ തരളമായ ഇളംതണ്ടുകൾ...... വലിയ ചീരച്ചെടി വേരോടെ പിഴുതെടുത്ത്, ബെഞ്ചിൽ കിടത്തി കോടി പുതപ്പിച്ച് മൂടിക്കിടത്തിയ പോലെ വീരാൻകുട്ടി എനിക്കുമുമ്പിൽ ചേതനയറ്റ് നീണ്ടുനിവർന്നു കിടക്കുന്നു....

ഓത്തുപള്ളിക്കാലം! കുട്ടിക്കാലത്തെ സമ്പന്നമാക്കിയ കാലം! കുറച്ചു മതപഠനവും വളരെക്കൂടുതൽ ചങ്ങാത്തവും പകർന്നു കിട്ടിയ നിറമുള്ള കാലം. സ്കൂളിൽ ചേരുംമുമ്പേ ഞങ്ങളെല്ലാം ഓത്തുപള്ളിയിൽ ചേരും. 'ഓത്തളി' എന്നായിരുന്നു ഞങ്ങൾ സൗകര്യപൂർവ്വം പറഞ്ഞിരുന്നത്. പിന്നീടെപ്പോഴോ അത് 'മദ്രസ'യായി മാറിയതാണ്.

അഞ്ചുവരെയാണ് പഠിപ്പെങ്കിലും ഏഴും എട്ടും കൊല്ലമായി പഠിക്കുന്നവരായിരുന്നു പലരും. അഞ്ചാം ക്ലാസ് കഴിഞ്ഞാലും നിർത്തിപ്പോകാതെ പഠിക്കുന്നവരായതുകൊണ്ട് പ്രായവ്യത്യാസങ്ങളില്ലാത്ത ചങ്ങാതിക്കൂട്ടമുണ്ടായിരുന്നു ഞങ്ങൾക്ക്. അങ്ങനെ എനിക്കു കിട്ടിയ മുതിർന്ന ചങ്ങാതിമാരിൽ ഒരാളായിരുന്നു വീരാൻകുട്ടി. പാവത്തം തോന്നുന്ന മട്ടായിരുന്നു വീരാൻകുട്ടിയുടെ സംസാരത്തിനും ഭാവത്തിനുമെല്ലാം.

ചെറിയ ഒന്നിലും വലിയ ഒന്നിലും (എൽ.കെ.ജി-യു.കെ.ജി പോലെ ഒന്നാം ക്ലാസ് രണ്ടു കൊല്ലമായിരുന്നു) രണ്ടാം ക്ലാസിലുമൊക്കെ പഠിക്കുമ്പോൾ സ്ലേറ്റിലാണ് 'അലിഫ്, ബാഅ്' എഴുത്ത്. മലയാളം പഠിച്ചുതുടങ്ങും മുമ്പെ ഞങ്ങളെല്ലാം വലത്തുനിന്ന് ഇടത്തോട്ട് എഴുതുന്ന അറബി ഭാഷ അനായാസം പഠിച്ചുകഴിഞ്ഞിട്ടുണ്ടാകും! എഴുതിയും മായ്ച്ചും അറബി അക്ഷരമാലയെ മെരുക്കാൻ പണിപ്പെടുമ്പോൾ സ്ലേറ്റിനെ ക്ലീനാക്കാൻ വെള്ളത്തണ്ട് (മഷിത്തണ്ട്) ആയിരുന്നു ഞങ്ങളുടെ പ്രധാന സഹായി. മദ്രസയുടെ മുമ്പിലെ മതിലിൽ പറ്റിപ്പിടിച്ചു വളരുന്ന വെള്ളത്തണ്ട് വേരോടെ പറിച്ചെടുത്ത് അരിച്ചാലിലെ വെള്ളത്തിൽ കഴുകി വെടിപ്പാക്കി ഇല കളഞ്ഞ്, എട്ട് പത്ത് കഷ്ണങ്ങളാക്കി മുറിച്ച് കയ്യിൽ സ്റ്റോക്ക് വെക്കും. തെറ്റിയാൽ പേടി വേണ്ട! ഇഷ്ടം പോലെ മായ്ക്കാം! വേണ്ടത്ര തെറ്റുകയും ചെയ്യും. സ്ലേറ്റിൽ അക്ഷരങ്ങൾ ഓരോന്നായി മായുകയും തെളിയുകയും ചെയ്തുകൊണ്ടിരിക്കും. തുപ്പലുകൊണ്ട് സ്ലേറ്റ് മായ്ക്കുന്ന മടിയൻമാരും ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവരുടെ സ്ലേറ്റിനെപ്പോഴും 'കോയിക്കാട്ട'ത്തിന്റെ മണമാണെന്ന് ഞങ്ങൾ പറയും.

വെള്ളത്തണ്ടിനുള്ളിൽ നിറയെ വെള്ളമായിരുന്നതുകൊണ്ട് സ്ലേറ്റിൽ വെള്ളത്തിന്റെ അതിപ്രസരമുണ്ടാകും. ഇതൊഴിവാക്കാൻ ഏറ്റവും നല്ലത് ഇളംചീര തണ്ടാണ് എന്നു പറഞ്ഞുതന്നത് വീരാൻകുട്ടിയാണ്. നിറമുള്ള കോറത്തുണികൊണ്ട് തയ്ച്ച കുപ്പായം ചരടുകൊണ്ട് കെട്ടി പൊതിഞ്ഞ് അതിനുള്ളിൽ ഭദ്രമായി സൂക്ഷിക്കുന്ന അവന്റെ മുസ്ഹഫിനുള്ളിൽ ബ്ലേഡ് കഷ്ണമുണ്ടാകും. (ഒരു മുഴുബ്ലേഡ് കിട്ടാനൊക്കെ അന്നെന്തൊരു പഞ്ഞമായിരുന്നു!)

മദ്രസയ്ക്കു ചുറ്റും തവരയും ചീരയും ചേമ്പും വളർന്നു നിൽക്കുന്ന കാടാണ്. മുള്ളൻ ചീര ഒരാൾ പൊക്കത്തിൽ വളർന്നു നിൽക്കുന്നുണ്ടാകും. വീരാൻകുട്ടി ചീരയുടെ ഇളംതണ്ട് ബ്ലേഡ്പൊട്ട് കൊണ്ട് മുറിച്ച്, ചെറുകഷ്ണങ്ങളാക്കി എനിക്കുതരും. അതുകൊണ്ട് സ്ലേറ്റ് മായ്ക്കും. വെള്ളം ഒലിക്കാതെ സ്ലേറ്റ് മായുന്നത് കണ്ട് ചീരത്തണ്ടിനോട് എനിക്ക് ഇഷ്ടം തോന്നി. എല്ലാ ദിവസവും വീരാൻകുട്ടി ചീരത്തണ്ട് എനിക്കായി കൊണ്ടുതരും. സ്കൂളിൽ എന്റെ മേലെ ക്ലാസിലാണ് അവൻ പഠിക്കുന്നതെങ്കിലും മദ്രസയിൽ ഞങ്ങൾ ഒരേ ക്ലാസിലായിരുന്നു. ഒരേ വലുപ്പത്തിൽ മുറിച്ചെടുത്ത ചീരത്തണ്ടിന്റെ അറ്റം ബ്ലേഡ് കൊണ്ട് ചെറുതാക്കി പിളർത്തി ഒരു ബ്രഷ് പോലെയാക്കിയിട്ടാണ് വീരാൻകുട്ടി തരിക. പ്രത്യേക കഴിവായിരുന്നു അവൻ ഇക്കാര്യത്തിൽ പ്രദർശിപ്പിക്കുക. സ്ലേറ്റ് മൂക്കിനോട് ചേർത്ത് വെച്ചാൽ ചീരയുടെ കുത്തുന്ന ഒരുതരം പച്ചമണമുണ്ടാകും!

ഇടയ്ക്ക് കൈകളുടെ അസ്ഥി പൊട്ടുന്ന പ്രശ്നമുണ്ടായിരുന്നു വീരാൻകുട്ടിക്ക്. തൈലം മണക്കുന്ന കയ്യുമായി മദ്രസയിൽ വരുന്ന വീരാൻകുട്ടി ഒറ്റക്കൈ കൊണ്ട് ചീരത്തണ്ട് മുറിച്ചുതരും.

കുടുംബവും പ്രാരാബ്ധവുമായി കഴിയുമ്പോൾ വീരാൻകുട്ടിയെ ഇടയ്ക്ക് അങ്ങാടിയിൽ വെച്ചു കാണും. പഴയ മദ്രസാ കെട്ടിടവും മുള്ളൻ ചീരയും തവരയും നിറഞ്ഞ വിശാലമായ പറമ്പുമൊക്കെ അപ്രത്യക്ഷമായി. അവിടെയിപ്പോൾ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉയർന്നു. വീരാൻകുട്ടി അങ്ങാടിയിൽ വെച്ചുകാണുമ്പോൾ സ്നേഹത്തോടെ എന്റെ കൈ പിടിക്കും. സൗമ്യതയോടെ താളത്തിൽ സ്നേഹവാക്കുകൾ പറയും. എന്റെ ഓർമ്മയിൽ ചീരയുടെ പച്ചമണം നിറയും!

പെരുന്നാൾ തലേന്ന് അങ്ങാടിയിലെ തിരക്കിൽ അത്തർ വിൽപ്പനക്കാരനായി അവനുണ്ടാകും. എന്നെ അടുത്ത് വിളിച്ച് ഷർട്ടിൽ അത്തർ മുക്കിയ പഞ്ഞികൊണ്ട് ഉഴിഞ്ഞ് സുഗന്ധത്തിൽ കുളിപ്പിക്കും.

മക്കളുടെ അധ്യാപകനായി ഞാൻ മാറിയപ്പോൾ അവനേറെ സന്തോഷിച്ചു. എന്റെ കൈപിടിച്ച് പഴയ സ്നേഹത്തിൽ ബഹുമാനം കലർത്തി അവൻ സംസാരിച്ചു. അസ്ഥികളുടെ ദുർബലാവസ്ഥ മകനുമുള്ളതായി വീരാൻകുട്ടി സങ്കടം പറഞ്ഞു. അവന്റെ ചികിത്സാച്ചിലവുകളെ കുറിച്ച് പറഞ്ഞു. സലാം ചൊല്ലി കൈപിടിച്ചു കുലുക്കി വീരാൻകുട്ടി പോയി. ചീരത്തണ്ടിന്റെ സാരള്യം ആ കൈകളിൽ ഞാൻ തൊട്ടറിഞ്ഞു.

കടുംപച്ചയായി തഴച്ചുനിൽക്കുന്ന ഒരു ചീരക്കാട് എന്റെ ഉള്ളിൽ ഇപ്പോൾ ഉലയുന്നു. വീരാൻകുട്ടിയുടെ ഓർമ്മകൾക്കിപ്പോഴും ചീരത്തണ്ടിന്റെ പച്ചമണം!

# തത്വദീക്ഷയില്ലാത്ത ജീവിതം

മൂന്നാം ഭാഗം

**ഹെൻറി ഡേവിഡ് തോറോ**
**പരിഭാഷ: ശ്യാം ബാലകൃഷ്ണൻ**



മനുഷ്യന്റെ ഉപജീവനമാർഗ്ഗം വെറും സത്യബന്ധവും ബഹുമാന്യമാക്കുന്നതിലുപരി തികച്ചും ആസ്വാദ്യകരവും മഹത്തരവും ആക്കുന്നതിനെക്കുറിച്ച് കാര്യമായൊന്നും എഴുതപ്പെട്ടിട്ടില്ലെന്ന് ശ്രദ്ധേയമാണ്. ഒരാളുടെ ഉപജീവനം അത്തരത്തിലല്ലെങ്കിൽ അയാളുടെ ജീവിതം തന്നെ അങ്ങനെയല്ലാതാകുന്നു. ഈ വിഷയം ഒരിക്കലും ഒരു ഏകാകിയുടെ ചിന്തകളെ അലട്ടിയിട്ടില്ലെന്ന് സാഹിത്യം പരിശോധിക്കുന്ന ഒരുവന് തോന്നിപ്പോകും. ഇക്കാര്യത്തിൽ ആളുകളുടെ അനുഭവം അത്രയ്ക്ക് മുടുപ്പിക്കുന്നതുകൊണ്ടാണോ ആരും അതിനെകുറിച്ച് മിണ്ടാത്തതും? പണം നമ്മെ പഠിപ്പിക്കുന്നതും, പ്രപഞ്ചസൃഷ്ടാവ് നമ്മെ പഠിപ്പിക്കാൻ വളരെയധികം മിനക്കെട്ടിട്ടുള്ളതുമായ മൂല്യത്തെക്കുറിച്ചുള്ള അറിവ് മുഴുവനായി ത്തന്നെ വിട്ടുകളയാനാണ് നമ്മുടെ പ്രവണത. എല്ലാ വിഭാഗത്തിൽപ്പെട്ട മനുഷ്യരും, എന്തിന് പരിഷ്ക്കർത്താക്കളായി അറിയപ്പെടുന്നവർ പോലും ഉപജീവനമാർഗ്ഗത്തെക്കുറിച്ച്- അതവർക്ക് പാരമ്പര്യമായുള്ളതോ അവർ സമ്പാദിച്ചതോ മോഷ്ടിച്ചതോ ആകട്ടെ. എത്രമാത്രം അശ്രദ്ധ ഉള്ളവരാണെന്ന് അത്ഭുതകരമാണ്. ഇക്കാര്യത്തിൽ വ്യക്തതയുണ്ടാക്കുവാൻ സമൂഹം നമുക്കുവേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്നാണ് എനിക്കുതോന്നുന്നത്. തണുപ്പും വിശപ്പും ഒഴിവാക്കാനായി മനുഷ്യർ സ്വീകരിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന മാർഗ്ഗങ്ങളെക്കാൾ, അവ രണ്ടുംതന്നെയാണ് എന്റെ പ്രകൃതത്തിന് ഇണങ്ങുക.

'ജ്ഞാനി' എന്ന പദം മിക്കപ്പോഴും തെറ്റായാണ് പ്രയോഗിക്കപ്പെടാറ്. ഒരുവന് മറ്റുള്ളവരേക്കാൾ ശരിയായ രീതിയിൽ ജീവിക്കാൻ അറിയില്ലെങ്കിൽ, ആകെക്കൂടെ അയാൾ കൂടുതൽ കൂർമ്മബുദ്ധിയും കൗശലക്കാരനും മാത്രമാണെങ്കിൽ അയാളെങ്ങനെയാണ് ജ്ഞാനിയാകുക.? ജ്ഞാനം ഒരിക്കലുമവസാനിക്കാതെ ചുറ്റിത്തിരിയുന്ന ഒരു ജോലിയിൽ ചെന്നുപെടുമോ ? അതോ അവൾ സ്വന്തം ജീവിതത്തിലൂടെ ഇക്കാര്യത്തിൽ എങ്ങനെ വിജയിക്കണമെന്ന് പഠിപ്പിക്കുമോ ? പ്രയോഗിക്കേണ്ടതില്ലാത്ത ജ്ഞാനം എന്നൊന്നുണ്ടോ.? പ്ലേറ്റോ, തന്റെ ജീവിതമാർഗ്ഗം കണ്ടെത്തിയത് അദ്ദേഹത്തിന്റെ സമകാലീകരേക്കാൾ മികച്ച രീതിയിൽ ആയിരുന്നോയെന്ന് ചോദിക്കുന്നത് അങ്ങേയറ്റം പ്രസക്തമാണ്. അദ്ദേഹം മറ്റുള്ളവരെപ്പോലെ ജീവിതപ്രശ്നങ്ങളുടെ മുന്നിൽ പരാജയപ്പെട്ടോ ? അതോ ഇദ്ദേഹം ഇത്തരം കാര്യങ്ങളെയൊന്നും പരിഗണിക്കാതെയും മേനിനടിച്ചും കുറേ പ്രശ്നങ്ങളെ മറികടന്നോ ?അതുമല്ലെങ്കിൽ, പ്ലേറ്റോയുടെ അമ്മായി അവരുടെ വിൽപ്പത്രത്തിൽ അദ്ദേഹത്തെ ഓർത്തതുകൊണ്ട് അദ്ദേഹം സുഖമായി ജീവിച്ചോ ?

മിക്ക ആളുകളും തങ്ങളുടെ ജീവിതമാർഗ്ഗം, അതായത് ജീവിതം തന്നെ കണ്ടെത്തുന്ന വഴികൾ തീർത്തും താൽക്കാലികവും ജീവിതത്തിലെ യഥാർത്ഥ ഇടപാടുകളെ നിരസിക്കുന്നതുമാണ്. ഇങ്ങനെ സംഭവിക്കുന്നത് പ്രധാനമായും അവരുടെ അറിവില്ലായ്മ കൊണ്ടും ഭാഗികമായി ഇതിൽ കവിഞ്ഞൊന്നും അവർ ഉദ്ദേശിക്കാത്തതുകൊണ്ടുമാണ്.

ഉദാഹരണത്തിന്, കാലിഫോർണിയയിലേക്കുള്ള കൂട്ടപ്പാച്ചിലിന്റെ കാര്യം തന്നെ എടുക്കുക. അതിനോട് കച്ചവടക്കാരുടെ മാത്രമല്ല, ദാർശനികരെന്നും പ്രവാചകരെന്നും വിളിക്കപ്പെടുന്നവരുയടക്കമുള്ള മനോഭാവം മനുഷ്യരാശിക്കു തന്നെ ഏറ്റവും വലിയ അപമാനമാണ്. സമൂഹത്തിലേക്ക് യാതൊരു മൂല്യവും സംഭാവന ചെയ്യാതെ വെറും ഭാഗ്യത്തെ മാത്രം ആശ്രയിച്ച് ജീവിക്കുവാൻ കുറേപ്പേർ തയ്യാറാണെന്നതിനാൽ, അവരേക്കാൾ ഭാഗ്യംകെട്ട കുറേപ്പേരുടെ അദ്ധ്വാനത്തിനുമേൽ അവർക്ക് അധികാരം കിട്ടുന്നു. ഇതിനാണ് നമ്മൾ വ്യവസായം എന്നുപറയുന്നത്. മ്ലേച്ഛമായ കച്ചവടത്തിന്റെയും മറ്റ് ഉപജീവനമാർഗ്ഗങ്ങളുടെയും ഇതിൽ ഞെട്ടിക്കുന്ന വളർച്ചയെക്കുറിച്ച് എനിക്ക് അറിയുകയില്ല. ഇത്തരം മനുഷ്യരുടെ തത്വശാസ്ത്രത്തിനും കവിതയ്ക്കും മതത്തിനും ഒരു കൃമിയുടെ ദേഹത്തെ പൊടിയുടെ വില പോലും ഇല്ല. അവരെപ്പോലെ വേരുമാന്തിയും മണ്ണിളക്കിയും ജീവിക്കുന്ന പന്നിപോലും ഇത്തരക്കാരുമായുള്ള സഹവാസത്തിൽ ലജ്ജിക്കും. എന്റെ വിരലൊന്ന് ഉയർത്തിയാൽ എനിക്കീ ലോകത്തിലെ സകലസമ്പത്തും കിട്ടുമെന്നാണെങ്കിലും, അത്രയും ഊർജ്ജം ഞാൻ അതിനായി ചെലവഴിക്കില്ല. ദൈവം ഈ ലോകം സൃഷ്ടിച്ചിരിക്കുന്നത് വെറും തമാശക്ക് വേണ്ടിയല്ലെന്ന് മുഹമ്മദിന് അറിയാമായിരുന്നു. എന്നാൽ ലോകം ദൈവത്തെ കാണുന്നത്.,മനുഷ്യരാശി കടിപിടികൂടുന്നത് കാണാനായി നാണയങ്ങൾ വിതറുന്ന ഒരു പണക്കാരൻ മാന്യനായിട്ടാണ്.! ഈ ലോകം ഒരു ചൂതുകളി സ്ഥലമാണെന്നോ? പ്രകൃതിയിലെ ഒരു ലോഹം ഭാഗ്യപരീക്ഷണങ്ങൾക്കുള്ള വിഭവമാണെന്നോ ! നാട് ഭരിക്കുന്ന നമ്മുടെ സ്ഥാപനങ്ങളെക്കുറിച്ചുള്ള എത്ര വലിയ പ്രസ്താവനയും ആക്ഷേപവുമാണിത്.! ഇങ്ങനെപോയാൽ മനുഷ്യരാശി അവസാനം ഒരു മരക്കമ്പിൽ തൂങ്ങേണ്ടി വരും. സകലമാന ബൈബിളുകളുടെയും വചനങ്ങളെല്ലാം ചേർന്ന് മനുഷ്യനെ പഠിപ്പിച്ചത് ഇതു മാത്രമാണോ ?! മനുഷ്യരാശിയുടെ ഏറ്റവും ആരാദ്ധ്യവും ഒടുവിലത്തേതുമായ കണ്ടുപിടിത്തം കുറേകൂടി മെച്ചപ്പെടുത്തിയ അവമതിക്കലാണെന്നോ ? ഇക്കാര്യത്തിലാണോ പൗരസ്ത്യരും പാശ്ചാത്യരും ഒരുമിക്കേണ്ടത്.? നമ്മൾ യാതൊന്നും സൃഷ്ടിച്ചിട്ടില്ലാത്ത ഈ ഭൂമി കുഴിച്ച് ഉപജീവനം കണ്ടെത്തണമെന്നാണോ ദൈവം നമ്മോട് കൽപ്പിച്ചിട്ടുള്ളത് ? നമ്മൾ അങ്ങനെ ചെയ്താൽ ദൈവം ഒരുവേള കുറച്ചു സ്വർണ്ണക്കട്ടകൾ പ്രതിഫലമായി തന്നേക്കുമെന്നാണോ ?

സ്വർണ്ണത്തിന്റെ കുറവുകൊണ്ട് മനുഷ്യരാശി

*ഒരു മനുഷ്യന്റെ നിഷ്കളങ്കത, അവൻ ആഹാരം കണ്ടെത്തുന്ന മാർഗ്ഗത്തിലൂടെ നഷ്ടപ്പെടുന്നതിലും ഭേദം അവൻ പട്ടിണികിടക്കുന്നതാണ്. പരിഷ്കൃതനായ ഒരുവന്റെയുള്ളിൽ പരിഷ്ക്കാരമൊന്നുമില്ലാത്ത ഒരുത്തനല്ലെങ്കിൽ അവൻ ചെകുത്താന്റെ മാലാഖയാണ്.വയസ്സാവുന്തോറും നമ്മൾ കൂടുതൽ പരുക്കന്മാരായാണ് ജീവിക്കുക. നമ്മുടെ ചിട്ടകളിൽ നാം ഉദാസീനരാവും. ഏറ്റവും ഉദാത്തമായ വാസനകളെ നാം അനുസരിക്കാതാവും. വാസ്തവത്തിൽ നമ്മളപ്പോൾ ചെയ്യേണ്ടത്. നമ്മെക്കാൾ നിർഭാഗ്യവാന്മാരായവരുടെ കുറ്റപ്പെടുത്തലുകളെയൊന്നും കാര്യമാക്കാതെ നമ്മുടെ മന:ശക്തിയിൽ പരമാവധി ശ്രദ്ധയുള്ളവരാവുകയാണ്.*

കഷ്ടപ്പെടുന്ന വിവരം എനിക്കറിയില്ലായിരുന്നു. സ്വർണ്ണം കുറച്ചൊക്കെ ഞാൻ കണ്ടിട്ടുണ്ട്. അതു വളരെ വഴക്കമുള്ള ലോഹമാണെന്നും അറിയാം. പക്ഷേ അത് അറിവിനോളം വഴക്കമുള്ളതല്ല. കുറച്ച് സ്വർണ്ണത്തരികൾ വിതറിയാൽ ഒരിടം ജ്ഞാനത്തിന്റെ വിത്തുകൾ വീണിടത്തോളം സുന്ദരമാവില്ല തന്നെ

കിഴക്കാംതൂക്കായ മലനിരകളിൽ സ്വർണ്ണത്തിനായി കുഴിക്കുന്നവൻ. സാൻഫ്രാൻസിസ്ക്കോയിലെ ചൂതുകളിശാലകളിലെ അവന്റ സഹോദരനിൽ നിന്ന് ഒട്ടും വ്യത്യസ്തനല്ല. ഒരുവൻ ചെളി ഇളക്കുന്നതും മറ്റവൻ പകിട കുലുക്കുന്നതും തമ്മിലെന്താണ് വ്യത്യാസം .? അതിൽ നിങ്ങൾ വിജയിക്കുമ്പോൾ പരാജയപ്പെടുന്നത് സമൂഹമാണ്. എന്തൊക്കെ നിയന്ത്രണങ്ങളും പരിഹാരക്രിയകളും ഉണ്ടായാലും, സ്വർണ്ണം കുഴിച്ചുണ്ടാക്കുന്നവർ സത്യസന്ധമായി അദ്ധ്വാനിച്ചു ജീവിക്കുന്നവന്റെ ശത്രുവാണ്. നിങ്ങളുടെ സ്വർണ്ണം കണ്ടെത്തുവാൻ നിങ്ങൾ കണ്ടമാനം അദ്ധ്വാനിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ട് കാര്യമല്ല. ചെകുത്താനും വളരെ അദ്ധ്വാനിക്കുന്ന കൂട്ടത്തിലാണ്. ഖനനപ്രദേശത്തേക്ക് പോകുന്ന നിഷ്പക്ഷനായ ഒരു നിരീക്ഷകൻ അവിടം കണ്ടിട്ട് പറയും. സ്വർണ്ണഖനനം ഒരു ഭാഗ്യപരീക്ഷണം ആണെന്ന്; അങ്ങനെ കിട്ടുന്ന സ്വർണ്ണവും, സത്യസന്ധമായ അദ്ധ്വാനത്തിലൂടെ ഉണ്ടാകുന്ന സമ്പത്തും ഒരുപോലെയല്ലെന്ന്. പക്ഷേ പ്രായോഗിക ജീവിതത്തിൽ അയാൾ താൻ കണ്ടത് മറക്കുന്നു. കാരണം അയാൾ അവിടെ കണ്ടത് വസ്തുത മാത്രമാണ്.; അവയ്ക്കുപിന്നിലെ തത്വമല്ല. അങ്ങനെ അയാൾ അതേ പ്രദേശത്ത് കച്ചവടം തുടങ്ങുന്നു. അതായത്, പൊതുവേ ഭാഗ്യപരീക്ഷണമായി തെളിയിക്കപ്പെട്ടിട്ടുള്ള മറ്റൊരു പരിപാടിയിൽ ചേരുന്നു. ഇതിന്റെ നിജസ്ഥിതി ആദ്യത്തേതിലേതു പോലെ സുവ്യക്തമല്ലെന്ന് മാത്രം.

ഒരു വൈകുന്നേരം, ആസ്ത്രേലിയയിലെ സ്വർണ്ണഖനനത്തെക്കുറിച്ചുള്ള ഹൗവിത്തിന്റെ ലേഖനം. വായിച്ചിട്ട്, ആ രാത്രി മുഴുവൻ എന്റെ മനക്കണ്ണിൽ അവിടത്തെ ദൃശ്യങ്ങൾ നിറഞ്ഞുനിന്നു. സർവ്വത്ര നശിപ്പിക്കപ്പെട്ട അനേകം താഴ്വരകളും അരുവികളും അവിടം മുഴുവൻ പത്തുമുതൽ നൂറടിവരെ ആഴത്തിലും ആറടിയോളം പരമാവധി അടുത്തടുത്ത് കുഴിച്ചിട്ടുള്ള അഴുക്കും വെള്ളവും നിറഞ്ഞ കുഴികൾ. ഇവിടേക്കാണ് മനുഷ്യർ ഭാഗ്യവും തിരഞ്ഞ് ഭ്രാന്തുപിടിച്ച് പായുന്നത്. കുഴിച്ച് തുടങ്ങേണ്ടത് എവിടെയാണെന്ന് നിശ്ചയമില്ലാതെ, തങ്ങളുടെ കൂടാരത്തിന് ചുവട്ടിൽ സ്വർണ്ണം ഉള്ള തറിയാതെ, സ്വർണ്ണം കിട്ടുന്നതിന് മുമ്പ് നൂറ്റിയറുപതടി വരെ കുഴിക്കും. ചിലപ്പോൾ വെറും ഒരടിയുടെ വ്യത്യാസത്തിൽ അത് നഷ്ടപ്പെടും . പണത്തിനായുള്ള ആർത്തികൊണ്ട് കൂട്ടത്തിലുള്ളവരുടെ പോലും അവകാശങ്ങളെ പരിഗണിക്കാത്ത ചെകുത്താൻമാരായി തീർന്ന മനുഷ്യർ! മുപ്പത് മൈലുകളോളം തേനീച്ചക്കൂടു പോലെ ഖനിക്കുഴികൾ നിറഞ്ഞ, നൂറുകണക്കിനാളുകൾ മുങ്ങിച്ചാവാൻ ഇടയായ പർവ്വതനിരകൾ ! അവിടെ മണ്ണിലും ചെളിയിലും മുങ്ങി രാപ്പകൽ അദ്ധ്വാനിച്ചു രോഗം പിടിച്ചു മരിക്കുന്ന മനുഷ്യർ.

ഞാനാ ലേഖനം വായിച്ചിട്ട്, അതിനെ അൽപ്പം വിസ്മരിച്ച് മറ്റുള്ളവർ ചെയ്യുന്നതു തന്നെ ചെയ്യുന്ന, സംതൃപ്തിയില്ലാത്ത എന്റെ ജീവിതത്തെക്കുറിച്ച് ചിന്തിച്ചുപോയി .സ്വർണ്ണത്തിനായി കുഴിയെടുക്കുന്നവരെ കുറിച്ചോർത്ത് ഞാൻ എന്നോടുതന്നെ ചോദിച്ചു: എനിക്കും കുറച്ചു സ്വർണ്ണം കഴുകി വൃത്തിയാക്കിയാൽ എന്താണ്? ഒരുവേള, അത് ഏറ്റവും നേർത്ത തരികൾ ആണെങ്കിൽ പോലും എന്തുകൊണ്ടെനിക്ക് എന്റെയുള്ളിലെ സ്വർണ്ണഖനിയിലേക്ക് ഒരു വഴിവെട്ടുകയും അവിടെ പണിയെടുക്കുകയും ചെയ്തുകൂടാ.? അവിടെ നിങ്ങൾക്കായി ഒരു ബല്ലാർട്ടും, ബെല്ലിഗോയും ഉണ്ട്. അതിനീ ഒരു സുൾക്കി-ഗള്ളി തന്നെ ആയാലെന്താണ്? എത്രതന്നെ ഏകാന്തവും ഇടുങ്ങിയതും വളവുകളുള്ളതുമായാലും എനിക്ക് സ്നേഹത്തോടും ആദരവോടും സഞ്ചരിക്കാവുന്ന വഴിയിലൂടെയാണ് ഞാൻ മുന്നേറേണ്ടത് ഈ ഒരു വികാരത്തോടെ എവിടെവെച്ച് മനുഷ്യൻ ആൾക്കൂട്ടത്തിൽ നിന്ന് വേർപിരിഞ്ഞ് തന്റേതായ രീതിയിൽ സഞ്ചരിച്ചു തുടങ്ങുന്നുവോ, അവിടെ അയാളുടെ വഴിയിൽ നിശ്ചയമായും രണ്ടു തിരിവുകൾ കാണപ്പെടും. സാധാരണ യാത്രക്കാർക്ക് അതു വേലിയിലെ വെറുമൊരു വിടവായിട്ടാവും തോന്നുക. അയാളുടെ ഏകാന്തമായ യാത്രയാകട്ടെ അവിടെ വെച്ച് ആ വഴികളിൽ ഉന്നതമായതിലേക്ക് തിരിയും.

യഥാർത്ഥ സ്വർണ്ണം കാലിഫോർണിയയിലും ഓസ്ട്രേലിയയിലുമാണ് കണ്ടുകിട്ടുക എന്ന മട്ടിൽ ആളുകൾ അവിടങ്ങളിലേക്ക് പരക്കം പായുകയാണ്. സത്യത്തിൽ അവർ ആ സ്വർണ്ണമുള്ളതിന്റെ എതിർദിശയിലാണ് പോകുന്നത്. വിജയം പ്രതീക്ഷിച്ച് അവർ ശരിയായ ദിശയിൽ നിന്ന് ദൂരേയ്ക്ക് ദൂരേയ്ക്ക് പോവുകയും തങ്ങൾ വിജയിച്ചുവെന്ന് കരുതുമ്പോൾ തീർത്തും ഭാഗ്യം കെട്ടവരാവുകയും ചെയ്യുന്നു.

നമ്മുടെ സ്വന്തം മണ്ണിൽ സ്വർണ്ണം ഇല്ലെന്നുണ്ടോ? സുവർണ്ണ മലനിരകളിൽ നിന്നുള്ള ഒരരുവി നമ്മുടെ സ്വന്തം താഴ്വാരത്തിലൂടെ ഒഴുകുന്നില്ലേ ? ആ അരുവി കൽപ്പാന്തങ്ങളായി തിളക്കമുള്ളവയെ താഴേക്ക് കൊണ്ടുവന്ന് സ്വർണ്ണക്കട്ടകൾ നമുക്കായി രൂപപ്പെടുത്തുന്നില്ലേ ? എന്നിട്ടും ഒരുവൻ ആ യഥാർത്ഥ സ്വർണ്ണത്തിനായി നമുക്ക് ചുറ്റുമുള്ള തിരിച്ചറിയപ്പെടാത്ത ഏകാന്തതയിലേക്ക് പോവുകയാണെങ്കിൽ, അവനെ ആരെങ്കിലും പിന്തുടരുമെന്നോ, അവന്റെ സ്ഥാനം

*ശേഷം പേജ് 13 ൽ*

# റേഡിയോ തരംഗങ്ങളിൽ കൂട്ടുവന്ന നാടകങ്ങൾ

*ലിമ ഫീച്ചേഴ്സ്*

**2013 സെപ്റ്റംബർ 8 മുതൽ കേരളത്തിലെ ആകാശവാണി റേഡിയോ നിലയങ്ങൾ പ്രക്ഷേപണം ചെയ്ത അഖില കേരള നാടകോത്സവത്തിന്റെ വിലയിരുത്തൽ**

റേഡിയോക്കാരുടെ നാടകവാരം തുടങ്ങുമ്പോഴാണ് വീട്ടിൽ റേഡിയോ സെറ്റിലെ ബാറ്ററി മാറ്റുന്നത്. ആദ്യ നാടകം തൊട്ട് നല്ല ശബ്ദത്തിൽ കേൾക്കണമെന്ന് എല്ലാവരും കൊതിക്കും. അഭിനേതാക്കളുടെ നെടുവീർപ്പുകളും തേങ്ങലുകളും കിതപ്പും സൂക്ഷ്മമായി പിടിച്ചെടുക്കാൻ കാതുകൾ തുറന്ന് ഇരിക്കുന്ന ഏകാഗ്രതയുടെ ഒരാഴ്ചക്കാലം.

അഖില കേരള റേഡിയോ നാടകോത്സവം നാടിന്റെ ഉത്സവമായി മാറിയിരുന്ന കാലം ഇനി വരാനിടയില്ല. ആസ്വാദകതൃഷ്ണ ശമിപ്പിക്കാൻ ഇന്ന് വേണ്ടതിലധികം വഴികൾ ഉണ്ടായിരിക്കെ കേവല ശബ്ദവീചികൾ പിടിച്ചെടുത്ത് ഭാവനയിൽ അത്ഭുതലോകം സൃഷ്ടിക്കുന്ന മെനക്കെട്ട പണിക്കൊന്നും ഒരുമ്പെട്ടിറങ്ങാൻ അധികമാളുകൾ ഉണ്ടാകുമെന്ന് തോന്നുന്നില്ല. എന്നിട്ടും ഒരു നാടകം ശ്രോതാക്കളുടെ അഭ്യർത്ഥന മാനിച്ച് പുനഃപ്രക്ഷേപണം ചെയ്യാൻ റേഡിയോ നിലയക്കാർ മുന്നോട്ടുവരേണ്ടി വന്നു!

2013 സെപ്റ്റംബർ 8 മുതൽ ഒരാഴ്ച നീണ്ടുനിന്ന ഈ വർഷത്തെ അഖിലകേരള നാടകോത്സവത്തിലെ അഞ്ചാം ദിവസത്തെ മഞ്ചേരി എഫ്.എം നിലയം അവതരിപ്പിച്ച മഹാകവി മോയിൻകുട്ടി വൈദ്യർ നാടകമാണ് ശ്രോതാക്കൾ ഇഷ്ടത്തോടെ കാതുകളിലേക്ക് ഏറ്റുവാങ്ങിയത്.

കാഴ്ചയുടെ മഹാപ്രളയത്തിൽ നീന്തിത്തുടിക്കുന്ന ലോകത്തെ, ശബ്ദമാന്ത്രികത കൊണ്ടുമാത്രം അനുഭൂതി പടർത്തുന്ന റേഡിയോ നാടകത്തിലേക്ക് കൊണ്ടുവരണമെങ്കിൽ കുറച്ചധികം പണിയുണ്ട്. റേഡിയോ നാടകത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് അതിശക്തമായ രചന നടത്തി അതിനൊത്ത ശബ്ദങ്ങൾ ഉപയോഗിച്ച് ആസ്വാദകരെ പിടിച്ചിരുത്തണം. അവരുടെ ശ്രദ്ധ പാളിപ്പോകാതെ പൂർണ്ണ ഏകാഗ്രതയിൽ തന്നെയിരുത്തണം. അതിനുള്ള ഏക കോപ്പ് ശബ്ദങ്ങൾ മാത്രം! പക്ഷേ മനുഷ്യന്റെ ഭാവനാശേഷി അപ്പാടെ തകർത്തു കളയുന്ന ദൃശ്യമഹാമാരിയിൽ കുത്തിയൊലിച്ചുപോകാതെ സഹജതയിലേക്കും തനിമയിലേക്കും നയിക്കാൻ സ്വാഭാവിക മനുഷ്യത്വത്തിലേക്കുണരാൻ റേഡിയോ ഇന്ന് ഒരു ബദൽ മാധ്യമമെന്ന നിലയിൽ ഉപയോഗിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും റേഡിയോ നാടകങ്ങൾ. അതിന് ഈ മാധ്യമത്തിന്റെ മർമ്മമറിഞ്ഞവർ മുന്നോട്ടു വരണം. ഈ വർഷത്തെ ചില നാടകങ്ങൾ ആ വഴിക്കുള്ള ശ്രമങ്ങളായി മാറി. എന്നാൽ പണ്ടത്തെ അടൂർ ഭാസിപ്പടങ്ങളിലെ തമാശ രംഗങ്ങൾ ഓർമ്മിപ്പിച്ച നിലവാരമില്ലാത്ത അവതരണവും ഉണ്ടായി.

ജീവിതത്തെ ഏറെ സ്നേഹിച്ച സൗഹൃദങ്ങൾ ജീവവായുവായി കൊണ്ടുനടന്നിരുന്ന വീണ എന്ന പെൺകുട്ടിയുടെ കിനാവുകൾ നോവുകളാവുന്നതാണ് തിരുവനന്തപുരം നിലയം 8 -ാം തിയ്യതി അവതരിപ്പിച്ച 'കിനാവിൽ കണ്ടത്' എന്ന നാടകം ആവിഷ്കരിച്ചത്. രമ്യാ നമ്പീശന്റെ ശബ്ദമികവിൽ വീണ എന്ന കഥാപാത്രം കരുത്തുറ്റതായി. കെ. സുധാകരന്റെ രചനയും ബോബൻ കൈമാപ്പറമ്പിൽ സംവിധാനവും നിർവ്വഹിച്ച ഈ നാടകമായിരുന്നു ആദ്യദിനം.

റേഡിയോ നാടകങ്ങളിൽ പ്രത്യേക അഭിനിവേശമുള്ള നടൻ സിദ്ധിഖ് ആറുവേഷങ്ങളിൽ നിറഞ്ഞാടിയ കണ്ണൂർ നിലയം അവതരിപ്പിച്ച 'വിതയ്ക്കുന്നവന്റെ ഉപമ'നാടകോൽസവത്തിലെ മുഖ്യ ആകർഷണമായിരുന്നു.രചനയും സംവിധാനവും കെ. വി. ശരത്ചന്ദ്രൻ.

10 ന് കോഴിക്കോട് നിലയം അവതരിപ്പിച്ച 'ഊമ പറയുന്നു' പ്രദീപ് കുമാർ കാവുന്തറയാണ് രചന നടത്തിയത്. സ്റ്റേജ് നാടകത്തിന്റെ ചട്ടക്കൂടിൽ നിന്ന് റേഡിയോ നാടകത്തിലേക്ക് മാറാൻ നടത്തിയ ശ്രമം ചില സന്ദർഭങ്ങളിൽ പാളിപ്പോയി. എങ്കിലും ഒരു ഊമയെ കേന്ദ്ര കഥാപാത്രമാക്കി ശബ്ദമാധ്യമത്തിലൂടെ അവതരിപ്പിക്കാനുള്ള ഉദ്യമം സാഹസികം തന്നെ. കഥയിലെ പൈങ്കിളിത്തം നാടകത്തെ ദുർബലമാക്കി എന്ന് പറയാതിരിക്കാനാവില്ല.

11 ന് ആയിരുന്നു മഞ്ചേരി എഫ്.എം. നിലയം അവതരിപ്പിച്ച 'മഹാകവി മോയിൻകുട്ടി വൈദ്യർ'. ജി. ഹിരൺ രചനയും സംവിധാനവും നിർവ്വഹിച്ച ഈ നാടകം റേഡിയോ നാടകത്തിന്റെ കരുത്തും സൗന്ദര്യവും വെളിപ്പെടുത്തുന്നതായിരുന്നു. കെ.വി. അബൂട്ടിയുടെ സംഗീതവും നാടകത്തിന് തിളക്കം കൂട്ടി. മോയിൻകുട്ടി വൈദ്യർ എന്ന കവിയുടെ ജീവിതം അനാവരണം ചെയ്യുന്ന നാടകത്തിൽ ഒരു കവിയുടെ ജീവിതത്തിനപ്പുറം രാഷ്ട്രീയ നിലപാടുകൾ ഉള്ള മാനവികത സൂക്ഷിക്കുന്ന ഒരു വ്യക്തിയുടെ ജീവിത മുഹൂർത്തങ്ങൾ ശ്രോതാക്കൾ കാതുകളിൽ ഏറ്റുവാങ്ങി. ഏറനാടിന്റെ ഗന്ധവും നനവും പുലർത്തിയ രചന - അവതരണത്തിലെ മികവു കൊണ്ട് ശ്രദ്ധിക്കപ്പെട്ടു.

അഞ്ചാം ദിവസം തൃശ്ശൂർ നിലയം അവതരിപ്പിച്ച 'ഹംസഗീത'മായിരുന്നു. റഷ്യൻ കവി അലക്സാണ്ടർ പുഷ്കിന്റെ ജീവിതത്തെ അടിസ്ഥാനപ്പെടുത്തി രചിച്ച നാടകം. പ്രണായതുരമായ ജീവിതം നയിച്ച ഒരു കവിയുടെ ജീവിതം അടുത്തറിയാൻ ശ്രോതാക്കളെ സഹായിച്ചു നാടകം.

ശ്രീകുമാർ മുഖത്തല രചിച്ച നാടകമായിരുന്നു കോഴിക്കോട് നിലയത്തിന്റേത്. താരാശങ്കർ ബാനർജിയുടെ വിഖ്യാത നോവലായ 'ആരോഗ്യനികേതന'ത്തിന്റെ റേഡിയോ രൂപാന്തരം. ഒരു നോവലിനെ, അതും തലമുറകൾ മനസ്സിൽ സൂക്ഷിക്കുന്ന ഒരു കൃതി, അതിന്റെ സൗന്ദര്യം ഒട്ടും ചോർന്നുപോകാതെയുള്ള അവതരണം. അതാണ് ഈ നാടകത്തെ ശ്രദ്ധേയമാക്കിയത്. ജീവൻ മശായിയുടെ ജീവിതത്തിലെ മികച്ച മുഹൂർത്തങ്ങൾ നോവലിൽ നിന്നു കണ്ടെത്തി ഒരു മണിക്കൂർ നേരം പ്രേക്ഷകരെ ശബ്ദസ്വാധീനത്തിൽ പിടിച്ചിരുത്താൻ കഴിഞ്ഞു എന്നത് നാടകത്തിന്റെ വിജയമായി കാണാം. മശായിയും പത്നിയും ചേർന്നുള്ള അന്ത്യരംഗം ശരിക്കും ശബ്ദമാന്ത്രികതയാൽ പ്രേക്ഷകർ ശ്വാസംപിടിച്ചു കേട്ടു. കെ.പി. എസ്.സി. ലളിതയുടെ ശബ്ദം മശായിയുടെ പത്നിക്ക് ജീവൻ നൽകി.

നാടകവാരത്തിന്റെ അവസാനദിനം തികച്ചും നിരാശപ്പെടുത്തി. അനന്തപുരി എഫ്.എം. തട്ടിക്കൂട്ടിയ നാടകമായിരുന്നു താക്കോൽ. ബിജു മാത്യു സംവിധാനം ചെയ്ത നാടകത്തിൽ ശബ്ദത്തെ എത്രമാത്രം ദുർബലമായും വൃത്തികേടായും ഉപയോഗിക്കാമെന്നു തെളിയിച്ചു. ക്ഷമകെട്ട് റേഡിയോ പൂട്ടിവെച്ചു എന്ന് പല സുഹൃത്തുക്കളും പിന്നീട് പറയുകയും ചെയ്തു.


കെവിൻ കാർട്ടറുടെ പ്രശസ്തമായ ഫോട്ടോ

*കഴുകൻ ഭക്ഷിക്കാൻ തുനിയുന്ന പട്ടിണിക്കോലമായ കുഞ്ഞിനെ രക്ഷിക്കാൻ ശ്രമിക്കാതെ അതിന്റെ ഫോട്ടോ പകർത്തിയ പുലിസ്റ്റർ ജേതാവായ ഇവിൻ കാർട്ടർ എന്ന ഫോട്ടോ ജേണലിസ്റ്റിന്റെ നിലപാടാണ് ഇന്നും പ്രഫഷണൽ ജേണലിസത്തിന്റെ അടിസ്ഥാന പാഠങ്ങളിലൊന്ന്.*

# നിലപാടും നിലനിൽപ്പും

തിന്റെ മുന്നിൽ കഴുകൻ ഭക്ഷിക്കാൻ തുനിയുന്ന പട്ടിണിക്കോലമായ കുഞ്ഞിനെ രക്ഷിക്കാൻ ശ്രമിക്കാതെ അതിന്റെ ഫോട്ടോ പകർത്തിയ പുലിസ്റ്റർ ജേതാവായ കെവിൻ കാർട്ടർ എന്ന ഫോട്ടോ ജേണലിസ്റ്റിന്റെ നിലപാടാണ് ഇന്നും പ്രഫഷണൽ ജേണലിസത്തിന്റെ അടിസ്ഥാന പാഠങ്ങളിലൊന്ന്. പത്രപ്രവർത്തക കുലപതിയായ നിഖിൽ ചക്രവർത്തി ഒരിക്കൽ പറഞ്ഞത് തീപിടുത്തമുണ്ടാകുമ്പോൾ തീ അണയ്ക്കാൻ നോക്കുന്നതിനു പകരം പത്തുപേരെ വിളിച്ചുകൂട്ടി തീ അണയ്ക്കാൻ സാഹചര്യമുണ്ടാക്കുകയാണ് പത്രപ്രവർത്തകൻ ചെയ്യേണ്ടത് എന്നാണ്.ഇത്തരം പ്രഫഷണൽ ജേണലിസത്തിന്റെ നടപ്പുശീലങ്ങളിൽ നിന്ന് വഴിമാറി നടക്കുന്ന തന്റെ ആശയ പ്രചരണത്തിനു വേണ്ടി മാത്രം പത്രപ്രവർത്തനം നടത്തുന്ന ഒരു സാധാരണക്കാരൻ മേൽ സാഹചര്യങ്ങളിൽ പക്ഷെ സ്വീകരിക്കുക ആദ്യം തൊട്ടു മുന്നിൽ ഉണ്ടായ അത്യാഹിതത്തിൽ ഇടപെട്ട് തന്നാലാവതു ചെയ്യുക എന്ന നിലപാടായിരിക്കും.ലോകം നശിച്ചാലും തന്റെ പത്രത്തിന്/ചാനലിന് സർക്കുലേഷനും റേറ്റിംഗും കൂടണം എന്ന് ഒരു പ്രഫഷണൽ മാധ്യമ പ്രവർത്തകൻ ആലോചിക്കുമ്പോൾ ലോകം നശിച്ചിട്ട് തന്റെ പത്രം മാത്രമായിട്ടെന്തിന് എന്നാണ് മുൻപറഞ്ഞ തികച്ചും അമച്വർ ആയി ആശയ പ്രചരണത്തിനു വേണ്ടി മാത്രം മാധ്യമപ്രവർത്തനം നടത്തുന്നവർ കരുതുന്നത്. എല്ലാക്കാലത്തുമുണ്ടായിട്ടുണ്ട് ഇത്തരം രണ്ടു ശൈലിയിലുള്ള മാധ്യമങ്ങളും മാധ്യമ പ്രവർത്തനവും. മാധ്യമങ്ങൾ വൻ എസ്റ്റാബ്ലിഷ്മെന്റുകളായും വ്യവസായമായും മാറി ലാഭം മാത്രം ലക്ഷ്യമാക്കിയപ്പോൾ ആണ് ഇന്നു കാണുന്ന രീതിയിൽ മാധ്യമ രംഗം മലീമസമായത്. മുഖ്യധാരാമാധ്യമരീതികളിൽ നിന്ന് മാറിനടക്കുന്ന ബദൽ എന്നോ സമാന്തരമെന്നോ വിളിക്കപ്പെടുന്ന മാധ്യമരൂപങ്ങൾക്കും ഇടപെടലുകൾക്കും അതുകൊണ്ടു തന്നെ മുമ്പത്തേക്കാളും പ്രസക്തിയുണ്ട്. പൊതുവെ ലിറ്റിൽ മാഗസിനുകൾ എന്ന് ലോകവ്യാപകമായി അറിയപ്പെടുന്ന ഇത്തരം പ്രസിദ്ധീകരണങ്ങളെക്കുറിച്ച് കവി സച്ചിദാനന്ദൻ അടുത്തകാലം വരെ ഇറങ്ങിയിരുന്ന പി. എൻ.ദാസ് മാഷിന്റെ വൈദ്യശസ്ത്രം എന്ന ലക്ഷണമൊത്ത ബദൽ മാസികയിൽ ഒരു ബദൽ പ്രസിദ്ധീകരണത്തെ കൃത്യമായി നിർവ്വചിക്കുന്നത് നോക്കുക-*എങ്ങിനെയാണ് ഒരു ലിറ്റിൽ മാഗസിൻ മറ്റ് ആനുകാലികങ്ങളിൽ നിന്ന്, ബിഗ് മാഗസിനുകളിൽ നിന്ന് വ്യത്യസ്തമാകുന്നത്..പ്രചാരത്തിന്റെ കുറവു കൊണ്ടു മാത്രമാണോ..കച്ചവട ലക്ഷ്യങ്ങൾ ഇല്ലന്നതു കൊണ്ടു മാത്രമാണോ..തീർച്ചയായും ലിറ്റിൽ മാഗസിനുകളുടെ ലക്ഷക്കണക്കിനു കോപ്പികൾ പ്രചരഗക്കാറില്ല. അവയുടെ പ്രധാന ലക്ഷ്യം വാണിജ്യപരവുമല്ല. കോപ്പികൾ കൂട്ടാൻ അവ സെൻസേഷനലിസത്തിന് വഴിപ്പെടുകയോ വാണിജ്യതന്ത്രങ്ങൾ പ്രയോഗിക്കുകയോ ഇല്ല. എന്നാൽ ഈ വിശേഷതകൾ കൊണ്ടുമാത്രം ഒരു പ്രസിദ്ധീകരണം ലിറ്റിൽ ആകുന്നില്ല.അതിനെ നിർണ്ണയിക്കുന്നത് അതിന്റെ അവാങ്-ഗാദ് സ്വഭാവമാണ്.*

-ലിമാ

## ലിറ്റിൽ മാസിക 150 -ാം ലക്കം

*നിത്യജീവിതത്തിലെടുക്കുന്ന ഓരോ തീരുമാനവും -അതെത്ര ചെറിയ തീരുമാനമായാലും, അത് വളരെ പ്രധാനമാണ്.നിതജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിയാത്ത ബൗദ്ധികവ്യാപാരങ്ങൾ നിഷ്ഫലമായിരിക്കും.ചെറുതും ലളിതവുമായ കാര്യങ്ങളിലേക്കുകൂടി ഇനി ശ്രദ്ധ വെയ്ക്കേണ്ടതുണ്ട്...*

*മനസിലാക്കാൻ കഴിയാത്തത്ര ലളിതമായ കാര്യങ്ങളിലാണ് ബൗദ്ധികചിന്താഭാരമില്ലാതെ ഏറ്റവും സാധാരണക്കാർ വ്യാപരിക്കുന്നത്. ലളിതമായ കാര്യങ്ങളിലാണ് ജീവിതത്തിന്റെ നൈസർഗീകതയും സൗന്ദര്യവും കാണാൻ കഴിയുന്നത്. ഒട്ടും ആധികാരികമല്ലാതെ ലിറ്റിൽ മാസിക 150-ാം ലക്കത്തിൽ ചർച്ച ചെയ്യുന്നത് ലാളിത്യത്തെക്കുറിച്ചാണ്.അപ്പോൾ ദയവായി എഴുതുക...*

*നവംബർ 10 ന് മുമ്പ് അയക്കുമല്ലോ.*

*ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ, മലപ്പുറം-679334*

## ലിറ്റിൽ മാസികയ്ക്ക് എഡിറ്റോറിയൽ അസിസ്റ്റന്റിനെ ആവശ്യമുണ്ട്

ലോകത്ത് എവിടെ നിന്നും പ്രവർത്തിക്കാം .മറ്റ് ജോലിയുടെ കൂടെ ഒരു സന്നദ്ധ പ്രവർത്തനമായി ചെയ്യാൻ തയ്യാറുള്ളവർക്ക് പ്രോത്സാഹന വേതനം നൽകും. പ്രായം,വിദ്യാഭ്യാസം പ്രശ്നമല്ല.താൽപര്യമുള്ളവർ ബന്ധപ്പെടുക-

Mob: 9946428284, 8547300532
email:littlemasika@gmail.com

*ചുങ്കത്തറ പി.ഒ, മലപ്പുറം-679334*

# കവിതയുടെ ഇടങ്ങൾ

എം. പി. പ്രതീഷ്

ചുവരുകളില്ലാത്ത ഒരു മുറിയാണ് കവിത. അതിനാൽ അതിന്റെ ആകൃതി, രൂപം, നിറം,വലിപ്പം, എല്ലാം പ്രവചനാതീതമാണ്. കാറ്റുകൊണ്ടും മഴ കൊണ്ടും കലാപംകൊണ്ടും ഭ്രാന്തുകൊണ്ടും അത് തുറന്നുകിടക്കുന്നു.അല്ലെങ്കിൽ അതിന് വാതിലുകളേയില്ലെന്നുമാവാം.അത് ഒരിക്കലും അടഞ്ഞുകാണുന്നില്ല. അത് അകമാണെന്നോ പുറമാണെന്നോ പറയുക വയ്യ. രണ്ടുമാവാം. അതൊരു കടൽക്കരയോ, നഗരമോ, വീടോ, ഒച്ചിന്റെ മുതുകോ സ്ത്രീയുടെ അടിവയറോ, തോക്കിന്റെ ദ്വാരമോ ആയിരിക്കാം.

അത് മിക്കപ്പോഴും ഒരു ശേഖരണമുറിയാണ്. ഓരോരുത്തരും അവരവരുടെ ഏകാന്തത, ഉന്മാദം, വിഷാദം, വിശ്വാസം, ഭയം,കിനാവ്, പ്രേമം,വിശപ്പ്, ആസക്തി, രോഗം,മരണം, കാമം, ഒക്കെയും സൂക്ഷിക്കുന്ന ഇടം. അത് മിക്കപ്പോഴും ഒരു പരീക്ഷണമുറിയാണ്. ഭാഷയുടെ, ശരീരത്തിന്റെ, ചരിത്രത്തിന്റെ, രാഷ്ട്രീയത്തിന്റ,ബോധത്തിന്റെ,സമൂഹത്തിന്റെ, ഒക്കെ പൊളിച്ചുപണിയിടം. അത് മിക്കപ്പോഴും ഒരു അധോലോകമാണ്. പുറത്തായവരുടെ, വിലകുറഞ്ഞവരുടെ, അവിശ്വാസികളുടെ, സംശയിക്കുന്നവരുടെ, കരുത്തുപോയവരുടെ, മുറിവുള്ളവരുടെ, മന്ത്രവാദക്കാരുടെ, കള്ളക്കടത്തുകാരുടെ ഒക്കെ ഒളിവുസ്ഥലങ്ങൾ.ചൊല്ലുന്നതിലും വായിക്കുന്നതിലും കവിഞ്ഞ് നമുക്ക് കവിതയില്ല. ചെവി പ്രധാന അവയവമായതിനാൽ. വായന ജനിതകത്തിലടങ്ങിയ ശീലമായതിനാൽ, കാണുന്നതിലും മിണ്ടുന്നതിലും നിശബ്ദതയിലും ഗന്ധത്തിലും സ്പർശത്തിലും കവിതയുടെ വിത്തുകളിരുപ്പുണ്ട്. നമുക്ക് കണ്ണും ത്വക്കും മൂക്കും ഒക്കെ ഉണ്ടാവേണ്ടിയിരിക്കുന്നു. ആദ്യം എഴുതുകയും പിന്നീട് ചൊല്ലിവായിക്കുകയും ചെയ്യുന്ന ഒന്നിൽ നിന്ന് ഒരിക്കലും എഴുതേണ്ടാത്ത, ഒരിക്കലും ഉച്ചരിക്കേണ്ടാത്ത ഒന്നിലേക്ക് കവിത സഞ്ചരിക്കുന്നുണ്ട് മരവും പക്ഷിയും പ്രാണിയും വീടും കല്ലും ഒഴിഞ്ഞയിടവും ചുമരും ഇ-മെയിലും ഫോട്ടോയും ബസ്സും, ചായക്കപ്പും കസേരയും തൊടലും കൊല്ലലും മരണവും കവിതയാവാറുണ്ട്. സാന്നിദ്ധ്യവും അസാന്നിദ്ധ്യവും ഒഴിവും വിടവും ഇല്ലായ്കയും അറിയായ്കയും കവിതായാവാറുണ്ട്.

കവിത എഴുതുന്നയാളിലല്ല. വായിക്കുന്നവരിലാണ്. വരപ്പിലല്ല. പാടലില്ല. കേൾവിയിലും കാണലിലും ആണ്. ലിഖിതപാഠത്തിനു പുറത്തെ വിഭിന്നവും വിവിധവുമായ കവിതയുടെ ശരീരത്തെ അഭിമുഖീകരിക്കാൻ നമുക്കാവുന്നില്ല. പക്ഷേ അതവിടെ നില നിൽക്കുന്നു. മുമ്പും ഇനിയുള്ള കാലവും അതേ. ഭാഷ തന്നെയും പലതാണെന്നിരിക്കെ, എഴുതപ്പെട്ട ഭാഷ മാത്രം ഭാഷയായി വായിക്കുന്ന ഒരു നാടിന്, മറ്റു ഭാഷകളിൽ ഭാഷയേ അല്ലാത്ത ഭാഷകളിൽ - പിറക്കുന്ന കവിതകളെക്കുറിച്ച് എങ്ങനെയാണ് ബോധ്യപ്പെടുക? സ്വന്തം നാടിനെ കവിതയുടേത് എന്ന് ഉറപ്പിച്ചു പറയാനാവുക?

---

*.......തത്വദീക്ഷയില്ലാത്ത പേജ് 11 ന്റെ തുടർച്ച*


കൈയ്യടക്കുമെന്നോ ഉള്ള യാതൊരു അപകടവും ഇല്ലെന്നത് വിചിത്രമായിരിക്കുന്നു. അയാൾ ആ താഴ്വാരം മുഴുവൻ തന്റെ താവളമാക്കി. ജീവിതകാലം മുഴുവൻ സ്വസ്ഥമായി ചിലവഴിച്ചാലും അതിനുള്ള അയാളുടെ അവകാശത്തെ ആരും ചോദ്യം ചെയ്യുകയില്ല. ആളുകൾ അയാളുടെ സുരക്ഷയെക്കുറിച്ചോ യാതനകളെക്കുറിച്ചോ ഉൽക്കണ്ഠപ്പെടുകയുമില്ല. ബല്ലാർട്ടിലേതുപോലെ പന്ത്രണ്ടടി സമചതുരത്തിൽ അയാളുടെ അവകാശം ഒതുങ്ങുന്നില്ല.; അയാൾക്ക് എവിടവും തന്റെ ഗുഹയാക്കാം. തന്റെ സമർപ്പണത്താൽ, തന്നിൽ നിന്ന് ഈ ലോകത്തെ മുഴുവനായി കഴുകിക്കളയാം.

ഓസ്ട്രേലിയയിലെ 'ബെൻഡിഗോ' ഖനിയിൽ നിന്നും ഇരുപത്തെട്ട് പൗണ്ടുള്ള ഒരു സ്വർണ്ണക്കട്ടി കണ്ടെടുത്ത മനുഷ്യനെക്കുറിച്ച് ഹൗവ്വിത്ത് പറയുന്നു. " അയാൾ ഉടനെ കുടി തുടങ്ങി; ഒരു കുതിരയെ സംഘടിപ്പിച്ച് എല്ലായിടത്തുകൂടിയും പരമാവധി വേഗത്തിൽ പാച്ചിലും തുടങ്ങി. ആ പോക്കിനിടയിൽ ആരെയെങ്കിലും കണ്ടുമുട്ടിയാൽ, അവരെ വിളിച്ച് താൻ ആരാണെന്ന് അറിയാമോയെന്ന് ചോദിച്ചിട്ട്, "സ്വർണ്ണക്കട്ടി കണ്ടെത്തിയ ആ നശിച്ച അലവലാതി" താനാണെന്ന് ഔദാര്യമട്ടിൽ മട്ടിൽ പറയും.അവസാനം അയാൾ ഭയങ്കര വേഗത്തിൽ കുതിരയോടിച്ച് ഒരു മരത്തിൽ ചെന്ന് ഇടിക്കുകയും, തലച്ചോറ് ഏതാണ്ട് പുറത്തെത്തിക്കുകയും ചെയ്തു.." ഇതത്ര വലിയ അപകടമൊന്നും അല്ലെന്നാണ് എന്റെ പക്ഷം.; അയാൾ ആദ്യമേ തന്റെ തല ആ സ്വർണ്ണകട്ടിയിൽ തല്ലിതകർത്തതാണല്ലോ.! ഹൗവ്വിത്ത് തുടരുന്നു.: " യാതൊരു പ്രതീക്ഷക്കും വകയില്ലാത്ത വിധം ആ മനുഷ്യൻ നശിച്ചിരിക്കുന്നു.". വാസ്തവത്തിൽ അയാളൊരു പ്രത്യേക വിഭാഗത്തിന്റെ പ്രതിനിധിയാണ്. അത്തരക്കാരെല്ലാം വെകിളി പിടിച്ചവന്മാരാണ്. അവർ ഖനനം ചെയ്യുന്ന ചില പ്രദേശങ്ങളുടെ പേരുകൾ നോക്കൂ: 'കഴുതച്ചന്തി' ' ആടുതലക്കുഴി' 'കൊലയാളിയുടെ മദ്യശാല.... ഈ പേരുകൾ അപസാഹ്യമല്ലെന്നുണ്ടോ. ? ഇവർ ഇവരുടെ ദുഷിച്ച സമ്പത്ത് ഇഷ്ടമുള്ളിടത്ത് കൊണ്ടുപോയ്ക്കൊള്ളട്ടെ: ഇവന്മാർ എവിടെയാണോ ഉള്ളത്, അവിടെ 'കൊലയാളിയുടെ മദ്യശാല'യല്ലെങ്കിൽ 'കഴുതച്ചന്തി' ആയിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

നിങ്ങളുടെ അപ്പത്തിനുള്ള വെണ്ണ കിട്ടിയത് എങ്ങനെയാണെന്ന് നിങ്ങൾ ചോദിക്കരുത്; അതറിഞ്ഞാൽ നിങ്ങൾ അസ്വസ്ഥനാകും. ഒരു മനുഷ്യന്റെ നിഷ്കളങ്കത, അവൻ ആഹാരം കണ്ടെത്തുന്ന മാർഗ്ഗത്തിലൂടെ നഷ്ടപ്പെടുന്നതിലും ഭേദം അവൻ പട്ടിണികിടക്കുന്നതാണ്. പരിഷ്കൃതനായ ഒരുവന്റെയുള്ളിൽ പരിഷ്ക്കാരമൊന്നുമില്ലാത്ത ഒരുത്തനല്ലെങ്കിൽ അവൻ ചെകുത്താന്റെ മാലാഖയാണ്.വയസ്സാവുന്തോറും നമ്മൾ കൂടുതൽ പരുക്കന്മാരായാണ് ജീവിക്കുക. നമ്മുടെ ചിട്ടകളിൽ നാം ഉദാസീനരാവും. ഏറ്റവും ഉദാത്തമായ വാസനകളെ നാം അനുസരിക്കാതാവും. വാസ്തവത്തിൽ നമ്മളപ്പോൾ ചെയ്യേണ്ടത്. നമ്മെക്കാൾ നിർഭാഗ്യവാന്മാരായവരുടെ കുറ്റപ്പെടുത്തലുകളെയൊന്നും കാര്യമാക്കാതെ നമ്മുടെ മന:ശക്തിയിൽ പരമാവധി ശ്രദ്ധയുള്ളവരാവുകയാണ്. (തുടരും)

## തുമ്പികൾ

ജയപ്രകാശ് നിലമ്പൂർ



നമുക്കുചുറ്റും എത്രയെങ്കിലും തരം തുമ്പികളെ നമ്മളെല്ലാം നിത്യേന കാണുന്നു. വയലേലകളിലും വെളിമ്പ്രദേശങ്ങളിലും അധികം ചൂടില്ലാത്ത വെയിലത്തും ഇവയുടെ സംഘനൃത്തം കണ്ട് ആനന്ദിക്കാത്തവർ ആരുണ്ട്. ഇത്തവണ തുമ്പികളെ കുറിച്ചാണ് പറഞ്ഞുവരുന്നത്.


ഭൂമുഖത്ത് നമ്മുടെ ഏറ്റവും പുതിയ കണ്ടെത്തലനുസരിച്ച് 85 ദശലക്ഷം ജീവജാതികൾ ഉള്ളതായാണ് കരുതപ്പെടുന്നത്. ഇതിൽ നാം ഇതുവരെ കണ്ടെത്തി പേരിട്ട് വർഗ്ഗീകരിച്ചത് 14 ദശലക്ഷം മാത്രം. അനേകലക്ഷം ഇനങ്ങളെ ഇനിയും കണ്ടെത്താൻ കിടക്കുന്നതേയുള്ളൂ. എന്നാൽ മനുഷ്യന്റെ അഹന്തയിൽ, ദുരമൂത്ത - മന:സ്സാക്ഷിയില്ലാത്ത പ്രവർത്തനങ്ങളുടെ ഫലമായി നിത്യേന ഭൂമുഖത്തുനിന്ന് ഇരുപതിലധികം ജീവജാതികളാണ് എന്നെന്നേക്കുമായി കുറ്റിയറ്റുപോകുന്നത്.

ലോകത്തെമ്പാടുമായി എണ്ണായിരത്തിലേറെ ഇനം തുമ്പികളുണ്ടെന്നാണ് ശാസ്ത്രകാരൻമാർ പറയുന്നത്. ഉഷ്ണമേഖലാ കാലാവസ്ഥയിൽ കഴിയാൻ ഇഷ്ടപ്പെടുന്ന ഇവ പൊതുവെ രണ്ടുതരമുണ്ട്. ഡ്രാഗൺ ഫ്ളൈകളും സാപ്സൺ ഫ്ളൈകളും. നമുക്ക് സുപരിചിതമായ കുഴിയാനകളും പിന്നീട് കുഴിയാന തുമ്പികളായി നമുക്കുചുറ്റും പറക്കാറുണ്ട്. വെള്ളത്തിൽ മുട്ടയിടുന്ന തുമ്പികളുടെ ലാർവകൾ തോടുകളിൽ കാണാനാവും. ഇവ കൊതുകിന്റെ മുട്ടയും കൂത്താടികളെയും തിന്നുതീർക്കുന്നതിനാൽ ഏറെ ഉപകാരികളാണ്. വയലേലകളിൽ പറന്നുനടക്കുന്ന തുമ്പികൾ കീടങ്ങളെയും കൊതുകിനെയും പിടികൂടി കറുമുറെ തിന്ന് കർഷർക്കും മികച്ച സഹായമാണ് ചെയ്യുന്നത്.

മഴയ്ക്ക് മുന്നോടിയായി താഴ്ന്നുപറക്കുന്ന തുമ്പികൾ മഴയുടെ മികച്ച സൂചകമാകാറുണ്ട്. പല നിറത്തിലും വലിപ്പത്തിലുമുള്ള എല്ലാ തുമ്പികൾക്കും ഇപ്പോൾ മലയാളത്തിലും പേരിട്ടിട്ടുണ്ട്. ഇവയെ കണ്ട് തിരിച്ചറിയുന്ന കുറേ പേരെങ്കിലും ഇപ്പോൾ കേരളത്തിലുണ്ട്. പക്ഷി-പൂമ്പാറ്റ നിരീക്ഷണം പോലെ തുമ്പി നിരീക്ഷണവും മികച്ച ഹോബിയാക്കാം.

## പിപ്പാലച്ചോട്...

-ശ്രീനി 2d





## ലിറ്റിൽ മാസികയെ സഹായിക്കാൻ

സെപ്റ്റംബറിൽ ലിറ്റിൽമാസികയ്ക്കു കുറെപ്പേർ വരിസംഖ്യ തന്നു.
വരിസംഖ്യ പുതുക്കാത്തവർ എല്ലാവരും ഉടൻ തന്നെ 150 രൂപ
എം.ഒ. ആയോ ബാങ്കിലേക്കോ അയച്ചുതന്ന് സഹായിക്കുക
എം.ഒ. ആയോ ബാങ്കിലേക്കോ അയച്ചുതരാം.

**Account No. 0857101067932** (ബിജു ജോൺ) **IFC Code: CNRB0000857 :** കാനറാ ബാങ്ക് എടക്കര ബ്രാഞ്ച്



Little Masika
Published on 2013 October 10, Rs.10
Reg No. RN67322 /94
Postal Reg.No.KL/MJI/82/2012-15

# 8 –ാമത് മൊണ്ടാഷ് അന്താരാഷ്ട്ര ചലച്ചിത്രമേള

**2013 ഒക്ടോബർ 29,30,31 ശ്രീകൃഷ്ണ തിയേറ്റർ, മഞ്ചേരി**

ഫിലിം സൊസൈറ്റി പ്രവർത്തനം, ഫിലിം ഫെസ്റ്റിവൽ എന്നിവ സാങ്കേതികമായും സാമൂഹികമായും ബൃഹത്തായ പരിണാമങ്ങൾക്ക് വിധേയമായി കഴിഞ്ഞിട്ടുണ്ട്. പൊട്ടിപൊളിഞ്ഞ്, തൊട്ടാൽ സെപ്റ്റിക്കാവുന്ന ഫിലിം പെട്ടികൾ ചുമന്ന് പോർട്ടർമാരോട് തർക്കിച്ച് നടന്നിരുന്ന പ്രവർത്തകർ ഇന്ന് പഴയചരിത്രത്തിന്റെ ഭാഗം മാത്രമാണ്. തിയേറ്ററുകളിലെ ഡിജിറ്റൽ പ്രൊജക്ഷനുകൾക്കും ഹാളുകളിലേയും തെരുവോരത്തെയും ഡിവിഡി പ്രദർശനങ്ങൾക്കും ഗൃഹാതുരത്വത്തിന്റെ ഭാരമില്ല. എന്നാൽ രാഷ്ട്രീയവും സാമൂഹികവുമായ പരിപ്രേക്ഷ്യം ചോർന്നുപോയ ഒരു രൂപം മാത്രമായി പ്രവർത്തനങ്ങളെ അവശേഷിപ്പിക്കാതിരിക്കുക എന്നതാണ് ഫിലിംസൊസൈറ്റി പ്രസ്ഥാനം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട സമകാലിക വെല്ലുവിളി.

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ കേരളത്തിൽ 600ലധികം തിയേറ്ററുകൾ പൂട്ടിപ്പോയതിലൂടെ കേരള സമൂഹത്തിൽ നിലച്ചുപോയ സംവാദത്തെക്കുറിച്ചും ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷമായ ചില അധ്യായങ്ങളെക്കുറിച്ചും ഫെസ്റ്റിവലിലെ ഒരു ഓപ്പൺ ഫോറം ചർച്ച ചെയ്യുന്നു. മഞ്ചേരി നഗരത്തിൽ തന്നെ കഴിഞ്ഞ ഒരു വർഷത്തിൽ പ്രവർത്തനം നിലച്ചുപോയ 2 തിയേറ്ററുകളുണ്ട്. 1956ൽ നിർമ്മിതമായ മഞ്ചേരിയിലെ ഏറ്റവും പഴയ തിയേറ്ററായ **ശ്രീകൃഷ്ണ**യിലാണ് ഈ വർഷത്തെ മേള നടക്കുന്നത്. തകർച്ചയെ അതിജീവിച്ച് ഒരു തുരുത്ത് പോലെ അവശേഷിക്കുന്ന ഈ തിയേറ്റർ പരിസരത്താണ് ഇങ്ങനെയൊരു ചർച്ച എന്നതിന് വലിയ മാനങ്ങളുണ്ടെന്ന് ഞങ്ങൾ കരുതുന്നു. ***സിനിമ പാരഡീസോ*** എന്ന ഇറ്റാലിയൻ സിനിമയുടെ പ്രദർശനവും കൂടിയാകുമ്പോൾ ഈയൊരു വിഷയം സമഗ്രമാകുമെന്നതിൽ സംശയമില്ല.

കഴിഞ്ഞ വർഷം ആരംഭിച്ച **ചിത്രകാരന്മാർ സിനിമ വരയ്ക്കുന്നു** എന്ന ആശയത്തെ ഈ വർഷവും തുടരും. കബിത മുഖോപാധ്യായ കെ. പ്രഭാകരൻ, ശ്യാംപ്രസാദ്, ഡോ. റഹ്മാൻ തുടങ്ങി 25ലധികം ചിത്രകാരന്മാർ വരച്ച പെയിന്റിംഗുകൾ മേളയിൽ പ്രദർശിപ്പിക്കുന്നുണ്ട്. പതിവുപോലെ സിനിമാ സംബന്ധമായ പുസ്തകങ്ങളുടെ പ്രദർശനവും വില്പനയും ഈ വർഷവും ഉണ്ടാകും. **കവികൾ സിനിമ ആലപിക്കുന്നു** എന്ന പരിപാടിയിൽ സിനിമാനുഭവം കവിതയായി എഴുതിയവർ കവിത അവതരിപ്പിക്കുന്നു. മലയാളത്തിലെ പ്രഗത്ഭ കവികൾ ഇതിനായി എത്തിച്ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇങ്ങനെ സാംസ്കാരിക രാഷ്ട്രീയ സാമൂഹിക പ്രവർത്തകരുടെ ഒത്തുചേരലിനുള്ള മലബാറിലെ ഏറ്റവും വലിയ ഇടമായി മാറുന്ന മൊണ്ടാഷ് ചലച്ചിത്രമേളയിലേക്ക് പ്രബുദ്ധരായ ഏവരേയും സ്വാഗതം ചെയ്യുന്നു.

*സെക്രട്ടറി, മൊണ്ടാഷ് മൂവിക്ലബ്ബ്*



കാമ്പയിൻ

# മഞ്ചേരി എഫ് എം നിലയത്തിന് സ്വതന്ത്രപദവിയും ബജറ്റും: ആയിരം കത്തുകളയക്കൽ തുടങ്ങി.

മലപ്പുറം: മഞ്ചേരി എഫ് എം നിലയത്തിന് സ്വതന്ത്രപദവിയും ബജറ്റും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മഞ്ചേരി എഫ് എം നിലയം സംരക്ഷണസമിതി പ്രസാർ ഭാരതിക്ക് ആയിരം കത്തുകളയച്ചു തുടങ്ങി. ആവശ്യമായ ജീവനക്കാരെ നിയമിക്കുക, പ്രക്ഷേപണസമയം വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങളും സമിതി കത്തുകളിലൂടെ പ്രസാർ ഭാരതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ആയിരം കത്തുകളയക്കുന്നതിന്റെ ഉദ്ഘാടനം കുന്നുമ്മൽ ഹെഡ് പോസ്റ്റ് ഓഫീസിൽ കവി മണമ്പൂർ രാജൻ ബാബു നിർവഹിച്ചു.

Edited, Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at A-One Offset Prints ,Ramanattukara for Co-Operative Press Chungathara.